REGD. No. M. 4374.

Annual Subscription Rs. 5/-

മാപ്പിള റിവ്യു

The MAPPILA REVIEW

VOL 3 | APRIL 1944 | No. 12



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. A. ABUBUCKER.

Insrue with

RUBY GENERAL INSURANCE CO., LTD.

Chairman Mr. B. M. BIRLA.

H. O. CALCUTTA.

Sub Office:- Tower Building, Coimbatore.

Principal Representatives:

The Mercantile & Investment Corporation,

EMPRESS HOTEL ROAD, CALICUT.

Business Transacted: Life, Fire, Marine, Motor & Workmen's Compensation.

Life Business Introduced in 1942 exceeds 55 lakhs.

അദൃശ്യമായ സാമ്പത്തിക സ്ഥിരതക്കു നിങ്ങളുടെ
ജീവനും വ്യവസായശാലകളും

റൂബി ജനറൽ ഇൻഷൂറൻസ്
കമ്പനി

യിൽ ഇൻഷൂർ ചെയ്യുക.

1942-ലെ ജീവിതരക്ഷാപോളിസികളുടെ സംഖ്യ
55 ലക്ഷത്തിൽ കവിഞ്ഞുപോയിരിക്കുന്നു.

ഫയർ, മാറൈൻ, മോട്ടോർ, വർക്ക്മെൻസ് കാമ്പൻസേഷൻ
എന്നീ പദ്ധതികളുമുണ്ട്.

മാർച്ച് മുതൽക്കു ഉരുക്കളിലെ ചരക്കുകൾ ഇൻഷൂർ ചെയ്യുന്ന പദ്ധതി കൂടി ഞങ്ങൾ തുടങ്ങിയിട്ടുണ്ടെന്നു ഞങ്ങളുടെ അഭ്യുദയകാംക്ഷികളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് പ്രത്യേക ചാരിതാർത്ഥ്യമുണ്ട്.

അധിക വിവരത്തിന്നന്വേഷിക്കുക :—

ദി മെർക്കൻടയിൽ & ഇൻവെസ്റ്റ്മെണ്ട്
കോർപൊറേഷൻ,
എമ്പ്രസ്സ് ഹോട്ടൽ റോഡ്, കോഴിക്കോട്.



ശംഖ്മാക്ക്

കൈത്തറി ലുങ്കികൾ, കൈലേസുകൾ മുതലായവ മാറ്റുവവും, ധരിപ്പാൻ സുഖവും ഭംഗിയിൽ നിമ്മിതവുമാണ്.

MOHAMED ABOOBACKER & CO.

YARN & HAND LOOM PRODUCTS MERCHANTS

PHONE. 4477-'GRAMS "KYLEKING"

95. THAMBU CHETTY ST.-G.T.MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK"
DOOR No, 84.
East Veli Street, MADURA.

മുഹമ്മദ് അബ്ബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്റിററ്, മധുര.

വിഷയവിവരം (Contents)

1. ഇസ്ലാമും പുരോഗതിയും
Islam and Progress — 1

2. മലയാളഭാഷാഭ്യസനം
Study of Malayalam Language—
K. Kuriakkos, Thottungal, B. A., L. T. — 8

3. പാർല്ലിമെൻറുകളുടെ മാതാവ്
Mother of Parliaments—Iver Thomas — 12

4. ജനസമ്മതി
On Popularity—T. P Mathew, B. A., B. L. — 16

5. നബിയുടേ വസ്ത്രം
Prophet's Garments — 22

6. ആശയോട് (പദ്യം)
Poem—Idava Jamal, B. A. (Hons) — 23

7. രണ്ടുചിത്രങ്ങൾ
Two Pictures—P. M. Kumaran Nayar (Aricode) — 24

8. മുസ്ലിമീങ്ങളും വ്യവസായങ്ങളും
Muslims and Industries — 21

9. അവളുടെ തലമുടി (ചെറുകഥ)
Short Story—Punnayurkulam, V. Bappu. — 37
ബാലപംക്തി—Children's Column.

---

10. സ്വിററ്സർലണ്ട്—യൂറോപ്പിലെ കളിസ്ഥലം
Switzerland—The play ground of Europe. K. M. A. — 37

11. കുറിപ്പുകൾ
Notes. — 40

ജ്യോതിഷം! അത്ഭുതപ്രവചനങ്ങൾ!

നിങ്ങളുടെ ജീവിതത്തിലെ വിഷമതകളെ പരിഹരിക്കുന്നതിനു അവയെക്കുറിച്ചു മുന്നറിവു ആവശ്യമാണ്. അതിന്നായി കേരളത്തിലെ ഏകജ്യോതിഷവിദുഷിയായ ശ്രീമതി പി. കെ. എ. എന്ന മഹതിയെ ആശ്രയിക്കുക.

ജാതകഫലം 5ക   തല്ക്കാലപ്രശ്നങ്ങൾ 1ക.

മിതമായ ചാർജിൽ ജാതകം, തൽക്കുറി എന്നിവ എഴുതിക്കൊടുക്കുന്നതാണ്.

Address:—Sri. P. K. A. Illath House
Puthukode,
P. O. Coyalmanna (Palghat)

മാപ്പിള റവ്യു

പുസ്തകം 3. | 1944 ഏപ്രിൽ | ലക്കം 12.

ഇസ്‌ലാമും പുരോഗതിയും*

ഇസ്ലാമിനെസ്സംബന്ധിച്ച പാശ്ചാത്യ കൃസ്തീയ രാജ്യങ്ങളിൽ പ്രചരിച്ചിരുന്ന അഭിപ്രായം, പുരോഗതിപ്രാപിക്കാത്തതും മനുഷ്യന്റെ ബുദ്ധിശക്തിയെ ഏറെക്കുറെ അധഃപതിപ്പിക്കുന്നതുമായ ഒരു മതമാണു അതു എന്നാകുന്നു. ഇതിൽപരം സത്യവിരുദ്ധമായ ഒരു വിശ്വാസം ഇല്ലതന്നെ. കഴിഞ്ഞ മൂന്നു ശതാബ്ദമായി മുസ്ലിം ജനതയുടെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള ആലസ്യവും, അജ്ഞതയും അന്ധവിശ്വാസവും, പുനരുത്ഥാന (Renaissance) ത്തിനു മുമ്പു പശ്ചിമയൂറോപ്പിനെ കരിപിടിപ്പിച്ചിരുന്ന പരിതഃസ്ഥിതിയോടു സമമായ സ്ഥിതിവിശേഷങ്ങളുടെ ഫലങ്ങളായിരുന്നു. ഇസ്ലാംമതവുമായി അതിനു (ഈ പരിതഃസ്ഥിതിയ്ക്കു) ഭൂപരമായതിൽ കവിഞ്ഞ ബന്ധമൊന്നുമില്ല; ശാസ്ത്രീയമായ വിദ്യാഭ്യാസത്തിന്റെ ഉത്ഥാനത്തോടുകൂടി അതു തിരോഭൂതമാവുകയും ചെയ്തിരിക്കുന്നു. മുസ്ലിം ലോകത്തിന്റെ അധോനിലയെ മാത്രം ആധാരമാക്കി, ഇസ്ലാംമതംതന്നെ പുരോഗതിക്കു തടസ്സമുണ്ടാക്കുന്ന—പുരോഗതി എന്നതിനു ഇന്നു വിവക്ഷിക്കുന്ന അർത്ഥത്തിൽ—ഒരു മതമാണെന്നനുമാനിക്കുന്നതു തീരെ അബദ്ധമായിരിക്കും. ലോകത്തിനു പൊതുവായുള്ള ഇന്നത്തെ പുരോഗതി സ്വാതന്ത്ര്യവിചാരത്തിന്റെ ഫലമാണ്. സ്വാതന്ത്ര്യചിന്ത ഓരോ വിശ്വാസിയുടെയും ചുമതലയാണെന്നു ഇസ്ലാം സിദ്ധാന്തിക്കുന്നു. എന്നിരിക്കെ, എങ്ങനെയാണു ഇസ്ലാംമതം പുരോഗമനപരമല്ലെന്നു പറയുക?

"വിജ്ഞാനത്തെ, അതു ചൈനയിലാണെങ്കിൽകൂടി, തേടുക" എന്നാണു പരിശുദ്ധ നബി(സ) ഉൽബോധിപ്പിച്ചിട്ടുള്ളതു്. വിജ്ഞാനം അപരിഷ്കൃതവർഗ്ഗക്കാരുടേതായാലും അഭികാമ്യവും, എന്തു സാഹസം ചെയ്തും കരഗതമാക്കേണ്ടതുമായ ഒന്നാണെന്നാണിതിന്റെ വിവക്ഷ. അവിടുന്നു ചെയ്ത മററു ചില ഉപദേശങ്ങളും നോക്കുക:—

"ഒരു കൊല്ലം ആരാധിക്കുന്നതിനേക്കാൾ ഉത്തമം പ്രപഞ്ചസൃഷ്ടിയെപ്പററി ഒരു മണിക്കൂർ ചിന്തിക്കുന്നതാണ്."

---

* ഇംഗ്ലീഷിൽനിന്നു.

“വിജ്ഞാനസമ്പാദകൻ ഒരിക്കലും നിൎയ്യാണമടയുന്നില്ല.”

“വിജ്ഞാനികളെ ആർ ബഹുമാനിക്കുന്നുവോ അവർ എന്നെ ബഹുമാനിക്കുന്നു.”

“വിദ്യാഭ്യസനം മുസ്ലിം സ്ത്രീപുരുഷന്മാരുടെ കൎത്തവ്യമാണ്.”

“ഒന്നാമതായി സൃഷ്ടിക്കപ്പെട്ടതു വിവേചനസാമൎത്ഥ്യമാകുന്നു.”

“ഒരാൾ ദൈവഭജനവും, ഉപവാസവും, ദാനകൎമ്മങ്ങളും, തീൎത്ഥാടനവും, മററു സകല സൽകൎമ്മങ്ങളും അനുഷ്ഠിച്ചിരിക്കാം; എന്നാൽ ഈ അനുഷ്ഠാനങ്ങളിലടങ്ങിയ ഉദ്ദേശശുദ്ധിയുടെ പരിമാണമനുസരിച്ചല്ലാതെ ആയാൾക്കു പ്രതിഫലം സിദ്ധിക്കുകയില്ല.”

“പണ്ഡിതന്മാരുടെ വാക്കുകൾ ശ്രദ്ധിക്കുകയും, ശാസ്ത്രീയമായ സിദ്ധാന്തങ്ങൾ അന്യൎക്കുപദേശിക്കുകയും ചെയ്യുന്നതാണു മതകൎമ്മാനുഷ്ഠാനങ്ങളെക്കാൾ ഉത്തമം.”

“പണ്ഡിതന്റെ മഷിയാണു ധൎമ്മയോദ്ധാവിന്റെ രക്തത്തെക്കാൾ പരിശുദ്ധം.”

“ജ്ഞാനസമ്പാദനാൎത്ഥം ഗൃഹംവിട്ടിറങ്ങുന്നവൻ അല്ലാഹുവിന്റെ മാൎഗ്ഗത്തിലാണു പ്രയാണംചെയ്യുന്നതു്.”

“CROWN BRAND” Underwears for You!

WHETHER WAR OR NO WAR

We are always at your Service

Insist on CROWN BRAND and CROWN BRAND alone

CHEAP AND DURABLE

BEST BY EVERY TEST

Manufactured by:—

MALABAR & PIONEER HOSIERY, LTD.

CHALAPURAM P. O., CALICUT.

SPORTS SHIRTS ARE OUR SPECIALITIES.

"ജ്ഞാനം സമ്പാദിക്കുക; അതു അയാളെ അബദ്ധസുബദ്ധങ്ങളെ വിവേചിച്ചറിയുവാൻ പ്രാപ്തനാക്കുന്നു; അതു സ്വർഗ്ഗത്തിലേക്കുള്ള വഴി തെളിയിക്കുന്നു. അശരണവേളയിൽ സഖാവും, ഏകാന്തതയിൽ കൂട്ടുകാരനും, നിസ്സഹായതയിൽ സ്നേഹിതനുമാണതു്; അതു നമ്മെ സുഖത്തിലേക്കാനയിക്കുന്നു; ആപൽഘട്ടങ്ങളിൽ ആശ്വാസം നൽകുന്നു; സ്നേഹിതന്മാരുടെയിടയിൽ അതു ഭൂഷണവും, ശത്രുക്കൾക്കു നേരെ കവചവുമാകുന്നു."

ഇത്തരത്തിലാണു് ആ ദൈവദൂതന്റെ പ്രബോധനങ്ങൾ; ഖുർ-ആൻ ഒഴിച്ചാൽ മുസ്ലിമീങ്ങളുടെ ആദ്യപ്രമാണങ്ങളാണവ. ഖുർ-ആനിൽതന്നെ പലതവണ സത്യവിശ്വാസികളോടും അവിശ്വാസികളോടും അഭ്യർത്ഥിച്ചിരിക്കുന്നു തുറന്ന ഹൃദയത്തോടുകൂടി ചരിത്രം പഠിക്കുവാനും, പ്രകൃതിനിരീക്ഷണം നടത്തുവാനും, തങ്ങളുടെ മതസിദ്ധാന്തങ്ങളെ നിരൂപണം ചെയ്യുവാനും. "ദൈവമേ, എന്റെ ജ്ഞാനത്തെ അഭിവൃദ്ധിപ്പെടുത്തേണമേ!" ഇതു ഖുർ-ആനിൽ ദൈവംതന്നെ പ്രവാചകൎക്കു കല്പിച്ചരുളിയ ഒരു പ്രാർത്ഥനയാണു്. മനുഷ്യബുദ്ധിക്കു വിധേയമായ സകലത്തിനെയുംപറ്റി സ്വതന്ത്രമായി ചിന്തിക്കുവാനും, സ്വതന്ത്രമായി അന്വേഷണം നടത്തുവാനും മുസ്ലിമീങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു.

വാസ്തവത്തിൽ, ഇസ്ലാമിൽ, ഓരോ വ്യക്തിയുടെ മനസ്സിനും സുവിസ്തൃതമായ അധികാരം അനുവദിച്ചിരിക്കുന്നു; ബോധനാതീതമല്ലാത്ത സകലത്തിനെയും തുലനം ചെയ്യുവാൻ മനുഷ്യഹൃദയത്തിന്നു അധികാരമുണ്ടു്. അതിന്റെ പരിധിക്കതീതമായിട്ടുള്ളതു് അപരിമേയനായ ദൈവം മാത്രമാണു്—ദൈവമൊ മനുഷ്യന്റെ സുദൃഢമായ വിശ്വാസത്തിന്നും ഭയഭക്തികൾക്കും ലക്ഷ്യമാകേണ്ട ഒന്നു്. സ്ഥൂലവസ്തുക്കൾക്കെല്ലാം നിദാനമായി സൂക്ഷ്മമായ ഒരു ശക്തിവിശേഷമുണ്ടെന്ന തത്വമനുസരിച്ചു ആ ശക്തിവിശേഷം ദൈവമാണെന്നു മുസ്ലിമീങ്ങൾ വിശ്വസി

ഇന്ത്യാഗവൎമ്മെണ്ടിൽ റജിസ്റ്റ്രർ ചെയ്ത സിദ്ധൌഷധങ്ങൾ

25 കൊല്ലമായി അനേകംരോഗികൾ ഉപയോഗിച്ചു സുഖിച്ചുവരുന്നതു.

മദനകാമേശ്വരി ലേഹ്യം	1-റാ. 8ക.	കാമാനന്ദരസായനം ഡപ്പി 1-ക്കു്	1½ക.
അസ്ഥിസ്രാവസംഹാരിലേഹ്യം	1-റാ. 3ക.	പിത്തരോഗസംഹാരി ഡപ്പി 1-ക്കു്	1½ക.
വാതസംഹാരി കുപ്പി 1-ക്കു്	2ക.	കസ്തൂരി ഗുളിക കുപ്പി 1 (200)	1ക.

ഔഷധപ്പട്ടിക ഇനാം. വി. പി. ചിലവു പ്രത്യേകം

എം. ജെ. വൈദ്യർ (Regd I. M. P.) തൊയക്കാവ്, P. O. S. M.

Sidhoushadasala & Co, P. O. TOYAKAVU, (Manalur A. O.)

ങ്ങളെയും സൃഷ്ടികർത്തൃത്വം അല്ലാഹുവിലാരോപിക്കുകയും ചെയ്യുന്നു. അപരിമേയനായ ദൈവം ഏകനാണെന്നു വിശ്വസിക്കുകയല്ലാതെ മാനുഷികമായ മാനദണ്ഡംവെച്ചു ദൈവത്തെ നിർവ്വചിക്കുവാനവർക്കധികാരമില്ല. ദൈവത്തിന്നൊരുരൂപം കൽപ്പിക്കുന്നതു മതവിരുദ്ധമാണവർക്ക്; കാരണം, അപരിമേയനായ ദൈവത്തിൻെറ ഏകത്വത്തിലന്തർല്ലീനമായ മാഹാത്മ്യം, ആ ദൈവത്തെ സരൂപനായി കരുതുന്ന വേളയിൽ തിരോഭൂതമായിത്തീരുന്നു.

ഈ ലോകത്തിൽ ഒന്നുംതന്നെ,ശാസ്ത്രീയമായ പുതിയപുതിയ കണ്ടുപിടുത്തങ്ങൾപോലും, ഒരു യഥാർത്ഥ മുസ്ലിമിൻെറ വിശ്വാസത്തെ ചഞ്ചലിപ്പിക്കുവാൻ പര്യാപ്തമല്ല. ഓരോ പുതുമയിലും ദൈവത്തിൻെറ അധീനത്വവും പരമകാരുണ്യവും മാഹാത്മ്യവുമാണയാൾ ദർശിക്കുന്നതു! തൻെറ ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെ മുൻനിർത്തി സുനിശ്ചിതമായ ചില നടപടികൾക്കു വിധേയനാകുന്നുവെന്നല്ലാതെ ഭൗതികവിഷയങ്ങളിൽനിന്നു മുക്തമാണായാളുടെ മനസ്സ്; ശാസ്ത്രസിദ്ധാന്തങ്ങളെ പരാമർശിച്ചുസ്വീകാര്യമായവയെ,അവമുസ്ലിംസമുദായത്തിൻെറ പരമ്പരാഗതമായ വിശ്വാസത്തിനു വിരുദ്ധമാണെങ്കിൽക്കൂടി; സ്വീകരിക്കുകയാണയാളുടെ കടമ. “ദൈവത്തിൽനിന്നു ഭിന്നനായ ഒരു ദൈവമില്ല, മുഹമ്മദ് ദൈവത്തിൻെറ പ്രവാചകൻ മാത്രമാണു്” എന്ന ആയാളുടെ

ആനന്ദകരമായ യഥാർത്ഥ
ആരോഗ്യകാലം

ജീവാമൃതം നിങ്ങൾക്കു യഥാർത്ഥത്തിൽ പ്രദീപ്തമായ ആരോഗ്യമരുളുന്നു. നിങ്ങളുടെ സിരകൾ അശക്തങ്ങളും, തളൎന്നുപററിയതും, രക്തരഹിതങ്ങളുമാണെന്നു നിങ്ങൾക്കു അനുഭവപ്പെടുന്നുവെങ്കിൽ ഈ പ്രശസ്തമായ ഔഷധം ഉപയോഗിക്കുവിൻ. അതു നിങ്ങൾക്കു് നവീനബലവും നവീനചൈതന്യവുംനവീനരക്തവുംനവീനോജസ്സുംപ്രദാനംചെയ്യുന്നു.

ഇന്നുമുതൽക്കു് ഈ ഫലപ്രദമായ ആരോഗ്യദായിനിയെ പരീക്ഷിച്ചു് യഥാർത്ഥത്തിലുള്ള ആരോഗ്യകരമായ ജീവിതത്തെ ആസ്വദിക്കുവിൻ.

വൈദ്യരത്നം പണ്ഡിററ്

ഡി. ഗോപാല ചാർലുവിൻെറ

ജീവാമൃതം (പൂർണ്ണാരോഗ്യ പ്രദായിനി)

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും.

ആയുർവേദാശ്രമം, മദ്രാസ്.

വിശ്വാസപ്രമാണം അചഞ്ചലമാണ്. മുഹമ്മദ് തിരുമേനിയുടെ ജീവിതത്തെ പരാമർശംചെയ്തുകൊണ്ടു ഗിബ്ബൺ ഉപരിസൂചിതമായ വിശ്വാസപ്രമാണത്തെപ്പററി അഭിപ്രായപ്പെടുകയുണ്ടായി. "ശാശ്വതമായ ഒരു സത്യവും അത്യാവശ്യമായ ഒരു കല്പനയുമാണതു്" എന്നു്. ഈ കല്പന—അങ്ങിനെയൊന്നാണെങ്കിൽ തന്നെ—ചരിത്രദൃഷ്ട്യാ വാസ്തവീകരിക്കപ്പെട്ടിരിക്കുന്നു.

മുസ്ലിമീങ്ങളിൽ വമ്പിച്ചൊരു വിഭാഗം അജ്ഞാനികളും അന്ധവിശ്വാസികളും കെട്ടുകഥകളെ സത്യമെന്നു വിശ്വസിക്കുന്നവരും ആണെന്നതു് വാസ്തവം മാത്രമാണ്. ഇസ്ലാമിന്റെ യഥാർത്ഥ പ്രബോധനങ്ങളും, അതിന്റെ ചുററുപാടും പററിക്കൂടിയ അന്ധവിശ്വാസജന്യമായ കഥകളും എന്നെന്നേക്കുമായി വിവേചിച്ചു-വേർതിരിക്കുവാൻ ഉള്ള ഒരു വമ്പിച്ച പ്രസ്ഥാനം മുസ്ലിം സഹോദരന്മാരിൽ സജീവമായി പ്രവർത്തിക്കപ്പെടുന്നുണ്ടു്;—ഈ കഥകളോടുള്ള വിരോധംകൊണ്ടല്ല, കാരണം ഈ കഥകൾ ഇസ്ലാം മതത്തിന്റെ ഭാഷയിൽ പരമ്പരയായി കീർത്തനം ചെയ്യപ്പെടുന്നവയാണ്. എന്നാൽ "ജനങ്ങളോടു അവരുടെ ബുദ്ധിയുടെ വിതാനത്തിൽ നിന്നുകൊണ്ടു മാത്രം സംസാരിക്കുക" എന്നാണ് നബിവചനം; ഇന്നത്തെ മുസ്ലിമീങ്ങളിൽ പലരും അവരുടെ പിതാമഹന്മാരുടെ മനഃസ്ഥിതിയിൽനിന്നും അതീതരായിത്തീർന്നവരാണ്.

ഖുർആനിലെ ചില വചനങ്ങൾ ഇതിനുമേൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടല്ലൊ. ഒരു ആധുനിക മുസ്ലിംഗ്രന്ഥകാരൻ—അദ്ദേഹത്തിന്റെ യാഥാസ്ഥിതികത്വം സംശയതീതമാണ്—ഇപ്രകാരമാണെഴുതിയിരിക്കുന്നതു്: "അതു (ഇസ്ലാം) പൂർവ്വികന്മാർ വിശ്വസിച്ച ഐതിഹ്യങ്ങൾക്കതീതമാണ്. ഒരു വിശ്വാസത്തെ നിരൂപണവിധേയമാക്കാതെ, അതു തന്റെ ഭാവനയെ ആകർഷിക്കുന്നു എന്ന ഒരൊററകാരണത്താൽ സ്വീകരിക്കുന്നവൻ സത്യവിശ്വാസിയല്ല.....അഭ്യൂഹങ്ങളെ ആസ്പദമായി പ്രമാണങ്ങൾ അംഗീകരിക്കുന്നവൻ സങ്കല്പങ്ങളെ സ്വീകരിക്കുവാൻ മനസ്സിനെ ഒരുക്കിനിർത്തുകയാണ്......മായാമാത്രമായ സങ്കല്പങ്ങളെ അനുസരിക്കുന്നവരുടെ ബുദ്ധിശക്തി വളർച്ചയെത്താതെ മന്ദീഭവിച്ചുപോകുന്നു, വിചാരപന്ഥാവിൽക്കൂടി അതു പുരോഗമിക്കുന്നില്ല, നിരൂപണസരണിയിൽ അതു പ്രവേശിക്കുന്നില്ല. ആ തോതിൽതന്നെ അവർ തുടരുകയാണെങ്കിൽ ക്രമേണ മൂഢത്വം അവരെ കീഴൊതുക്കും; അവർ മനോദൌർബല്യത്തിനു വിധേയരാകും. അങ്ങിനെ, ഒടുവിൽ അവരുടെ ഹൃദയമൊ അതിന്റെ മുറ നിർവ്വഹിക്കുവാൻ അശക്തമായി നന്മതിന്മകൾ വേർതിരിച്ചറിവാൻ സാധിക്കാതെ മരവിച്ചുപോകും."

റഫർമേഷൻ പ്രസ്ഥാനത്താൽ—ഇസ്ലാമിനെ ലക്ഷീകരിച്ചുള്ള ഒരു പ്രസ്ഥാനമായിരുന്നു അതു്—പരിലാളിക്കപ്പെട്ട വിശ്വാസസ്വാതന്ത്ര്യത്തിൽനിന്നുത്ഭൂതമാണ് ആധുനിക പുരോഗതി എന്നു സ്ഥാപിപ്പാനായി ഗിസൊട്ടിന്റെ

“യൂറോപ്യൻ സംസ്കാരചരിത്രം” എന്ന പുസ്തകത്തിൽനിന്നു ഒരു ഭാഗം ഉപരിലിഖിതമായ അഭിപ്രായത്തിന്നുകീഴിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഇരുകക്ഷികളിലുംപെട്ട ചില ചിന്തകന്മാർ, പ്രൊട്ടസ്റ്റൻറുമാർ ഒരു തരം മുസ്ലിമീങ്ങളാണെന്നുതന്നെയും അഭിപ്രായപ്പെട്ടിട്ടുണ്ട്. പിന്നീടു പ്രസ്തുത ഗ്രന്ഥകർത്താവ് തുടരുന്നു:—“വെറും പാരമ്പര്യവിശ്വാസത്തെ അപ്പടി അംഗീകരിക്കുന്നതിനെ അപലപിക്കുന്ന ഏകമതം ഒരു പക്ഷെ അൽ ഇസ്ലാംമാത്രമാണ്........തങ്ങളുടെ വിശ്വാസത്തിൻെറ അടിത്തറപോലും സത്യവിശ്വാസികൾ പരിശോധനാർഹമാക്കണമെന്നാണ് പ്രസ്തുത മതം അനുശാസിക്കുന്നതു്. അതിൻെറ പ്രബോധനങ്ങൾ മനുഷ്യൻെറ ബുദ്ധിശക്തിയെ അഭിസംബോധനം ചെയ്യുന്നവയാണ്; ബുദ്ധിശക്തിയെയാണ് അതു മാനദണ്ഡമായി അംഗീകരിച്ചിരിക്കുന്നതു്. ബുദ്ധിയുപയോഗത്തിൻെറയും ആത്മപരിശോധനയുടേയും പരിണത ഫലമാണ് ശാശ്വതാനന്ദം എന്നും, മനസ്സിനെ വേണ്ടവിധം ഉപയോഗിക്കാതിരുന്നാൽ ഫലം വിനാശവും നിർഭാഗ്യവും ആയിരിക്കുമെന്നും ഇസ്ലാം വ്യക്തമായ ഭാഷയിൽ പ്രഖ്യാപനംചെയ്യുന്നു.

നിങ്ങളുടെ കുട്ടികൾക്ക്
സജീവമായ ആരോഗ്യം
നേടുവാൻ

കൃത്രിമമായ അനുകരണങ്ങൾ നിഷേധിപ്പിൻ. നിങ്ങൾ വാങ്ങുന്നതു് കോഴിക്കോട്ടു, ഗവമ്മേണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ട് ബ്രാണ്ട്) “ഷാർക്ക് ലിവർഓയിൽ”തന്നെയല്ലേ

എന്നു സൂക്ഷിച്ചു മനസ്സിലാക്കുക.
എല്ലായിടത്തും കിട്ടും.

GOVERNMENT OIL FACTORY, CALICUT

ഏജൻറുമാർ:—മെസ്സേഴ്സ് പാരി & കമ്പനി, ലിമിററഡ്, മദിരാശി.

ക്രിസ്തീയ രാജ്യങ്ങളിലെ ഒരു സാധാരണ അജ്ഞേയവാദിയെപ്പോലെതന്നെ ഒരു യഥാർത്ഥ മുസ്ലിമും ഒരു സ്വതന്ത്ര വിമർശകനായിരിക്കണമെന്നത് നിർബന്ധമാണ്. അജ്ഞേയവാദികൾ ഇന്നു ധാരാളമാണ്. എന്നാൽ മുസ്ലിമീങ്ങളിൽ നിസ്സാരസംഖ്യ മാത്രമാണവരുടേത്. അതായത്, സ്വന്തം മതത്തെപ്പററി യാതൊന്നുമറിയാതെ ഐറോപ്യമതചിന്തകളാൽ ആകൃഷ്ടനായി മതത്തെസംബന്ധിച്ച അവിശ്വാസം പ്രകടിപ്പിക്കുന്നവരെപ്പററിയാണിവിടെ സൂചിപ്പിച്ചിരിക്കുന്നത്. ക്രിസ്തീയലോകത്തിൻെറ ന്യൂനതകളെ പരിശോധിക്കുന്നതിൽ ചെലുത്തിയ അത്രതന്നെ ശ്രദ്ധയോടുകൂടി അവർ സ്വന്തം മതതത്വങ്ങളെപ്പററി പഠിക്കുകയാണെങ്കിൽ അവർ അത്തരം മതവിശ്വാസങ്ങൾക്ക് വിധേയരാകുമായിരുന്നില്ല. അവേദ്യമായ വസ്തുവിന്ന് നൽകുന്ന ആദ്ധ്യാത്മ വിവക്ഷക്കെതിരായിട്ടുള്ള സജീവമായ ബുദ്ധിശക്തിയുടെ സംഘട്ടനത്തിൽനിന്നും വിശ്വാസ സ്വാതന്ത്ര്യത്തോടുള്ള ക്രിസ്തീയ പുരോഹിത വർഗ്ഗങ്ങളുടെ പ്രാതികൂല്യത്തിൽനിന്നുമാണ് മിക്ക അജ്ഞേയവാദങ്ങളും സംഭൂതമാകുന്നത്. ചില പരിഷ്കാരങ്ങൾ ആവശ്യമാണെന്നു ആഗ്രഹിക്കുകയും അന്ധവിശ്വാസങ്ങളും അകൃത്യങ്ങളും ഉച്ചാടനം ചെയ്യുന്നതിൽ പ്രവർത്തിക്കുകയും ചെയ്യുക എന്നതിൽക്കവിഞ്ഞു ബുദ്ധിമാനായ ഒരു മുസ്ലിമീന്ന് ഉപരിസൂചിതമായവിധത്തിലുള്ള ഒരു സംഘട്ടനത്തിൽ ഏർപ്പെടേണ്ടതായ ആവശ്യമില്ലതന്നെ.

മഹാരോഗം അതിവേഗം സുഖപ്പെട്ടവര്

മററു ചികിത്സാസമ്പ്രദായങ്ങൾ പരീക്ഷിച്ച് പരാജയപ്പെട്ട ഭയങ്കരമായ ഭ്രാന്ത്, വയററിൽവേദന, വാതം, അപസ്മാരം, അർശ്ശസ്സ്, ഹൃദ്രോഗം, ആദിയായ മഹാരോഗങ്ങളാൽ അവശതയനുഭവിച്ച് ഒടുവിൽ ഞങ്ങളുടെ അല്പദിവസത്തെ ചികിത്സയാൽ സുഖം പ്രാപിച്ചവരുടെ പേരുവിവരങ്ങൾ.

1) വി. എം. അബൂബക്കർ മൌലവി, അമ്പലപ്പുഴ, 2) പി. എം. ഹമ്മീദ്, കുട്ടിക്കൽ, 3) വി.സി. ഗോവിന്ദൻ, കുഴിപ്പിള്ളി, കൊച്ചി, 4) കെ.കെ. അബൂബക്കർ, റോബിൻസൺ റോഡ്, കോഴിക്കോട്, 5) ജി. പി. കോര, പള്ളം, കോട്ടയം, 6) അച്ചാമ്മ, നാടമ്പടം, കോട്ടയം, 7) വി. പരവൻ, തുയക്കോട്ട് 8) പി.എ. മൊതീൻ, മൂവാററുപുഴ, 9) ലൂക്കോസ്, കോട്ടയം, 10) മത്തായി, വാഴക്കുളം, 11) പി. മാധവൻനായർ, പാലക്കാട്, 12) റോസ, ചങ്ങനാശ്ശേരി, 13) അജ്ജുനൻചെട്ടി, ചങ്ങനാശ്ശേരി, 14) നടേശൻ ചങ്ങനാശ്ശേരി, 15) കെ. ജെ. തോമസ്സ്, മുണ്ടക്കയം, 16) മറിയ, ചീരഞ്ചിറ. (തുടരും)

ഹക്കീം പി. കെ. സാഹിബ്

ദാറുസിഫാ അറബിക്ക് മെഡിക്കൽ ഹാൾ, ചങ്ങനാശ്ശേരി.

മലയാള ഭാഷാഭ്യസനം

പദരീതി.

VII

കെ. കുര്യാക്കോസ്, തോട്ടുങ്കൽ, എം. എ., എൽ. ററി.

വസ്തുക്കളോ മാതൃകകളോ ചിത്രങ്ങളോ കാണിച്ച് (സംഭാഷണം നടത്തി) പേരുപറയിച്ച് പദം എഴുതിക്കാണിക്കുകയും പദത്തെ അക്ഷരങ്ങളായി വിഭജിച്ച് അക്ഷരങ്ങൾ പഠിപ്പിക്കുകയുമാണല്ലോ പദരീതിയുടെ സ്വഭാവം. എന്നാൽ ഈ പദ്ധതിയിൽതന്നെ അല്പാല്പ ഭേദങ്ങളുള്ള മൂന്നു രീതികൾ പ്രചാരത്തിൽ വന്നു കാണുന്നുണ്ട്.

I. പഠിപ്പിക്കപ്പെടുന്ന പദങ്ങൾ ഉടനുടൻ വിഭജിച്ചു അക്ഷരങ്ങളായിത്തിരിച്ചു മനസ്സിലാക്കാതിരിക്കുക; പദങ്ങൾ കണ്ടാൽ തിരിച്ചറിയാതെ വായിക്കാൻ മാത്രമുള്ള പരിശീലനമുണ്ടാക്കുക, ഇങ്ങിനെ അനേകം പദങ്ങൾ പരിചയപ്പെട്ടു കഴിഞ്ഞതിന്മേൽ പഠിച്ച പദങ്ങൾ ഓരോന്നായി ആവർത്തിച്ച് അക്ഷരങ്ങളായിത്തിരിച്ചു മനസ്സിലാക്കുക. ഇതാണ് ഒരുരീതി. ഈ രീതിപ്രകാരം ഏതാനും മാസങ്ങൾ പദപരിചയത്തിനുമാത്രമുള്ളതാണ്, അതിനുശേഷമേ വിദ്യാർത്ഥിയെ അക്ഷരജ്ഞാനത്തിലേക്കു നയിക്കുന്നുള്ളു. ഈ രീതിയെ കൊണ്ടാടുന്നവർ ഇതിനു ചില ന്യായങ്ങളും പറയുന്നുണ്ട്. ഒരു കുട്ടി കട്ടിൽ, കസേര, മേശ മുതലായ പദാർത്ഥങ്ങൾ കണ്ട് പേരുപറയാറുണ്ടല്ലോ. കട്ടിൽ കണ്ടാൽ ഉടൻ ശിശു അതു് കട്ടിലാണെന്നു പറയുന്നതു് അതിന്റെ കാലുകൾ, മററു ഭാഗങ്ങൾ ഇങ്ങനെ ഓരോ അംശങ്ങളായിത്തിരിച്ചുനോക്കിയല്ല. കസേരയും മേശയുമായി ഓരോ അംശത്തിലും കട്ടിലിനുള്ള വ്യത്യാസവും കുട്ടി ചിന്തിക്കുന്നില്ല. കട്ടിലിന്റെ ആകൃതിയെപ്പററി ഒന്നാകെയുള്ള ഒരു ബോധം വച്ചുകൊണ്ടാണ് ആ പദാർത്ഥം കണ്ടാൽ തെററുവരാതെ പേരു പറയാൻ കഴിയുന്നതു്. ഇതുപോലെ മററു പദാർത്ഥങ്ങളുടെ കാര്യവും. പട്ടിയെ കണ്ടാൽ "പട്ടി" എന്നു പറയുന്നതു് അതിന്റെ കാലും വാലും തലയും മററും തിരിച്ചുനോക്കി നിശ്ചയം വരുത്തീട്ടല്ല; പൊതുവായ ഒരു സ്വരൂപബോധംവച്ചുകൊണ്ടാണ്. അതുപോലെതന്നെ പദങ്ങളും സാകല്യേന വായിക്കുവാൻ കഴിയും. പദങ്ങൾ അക്ഷരസംഘടിതമാണെന്ന് കുട്ടി സ്വയം മനസ്സിലാക്കിത്തുടങ്ങുമ്പോൾ ഓരോ പദങ്ങളേയും വിഭജിക്കുകയും ചെയ്യാം. അക്ഷരത്തെക്കുറിച്ചുള്ള ബോധം കുട്ടിയിൽ എങ്ങനെയുണ്ടാകുമെന്നു ചോദിച്ചാൽ അതിനും യുക്തിയുണ്ട്. ഒരേ പാഠത്തിലോ പലപാഠങ്ങളിലോ ആയി പൂ, പൂച്ച, പൂച്ചട്ടി; തല, വല, മല; പറ, പന, പശ; അരം, അരണ; ഉറി, ഉളി, ഇങ്ങനെ ഒരേ അക്ഷരം വരുന്ന പല പദങ്ങൾ കുട്ടി പഠിക്കുന്നുണ്ട്. തുല്യമായ ഉച്ചാരണങ്ങൾക്ക് തുല്യമായ ലിപിയും വ്യത്യാസമുള്ളവയ്ക്ക് വേറെ ലിപികളും എന്ന ഒരു ബോധം ഇങ്ങനെയുള്ള പദങ്ങളിൽനിന്നു ജനിക്കും. അപ്പോൾ, മുൻപു പദങ്ങളായിമാത്രം പരിചയപ്പെട്ടിരുന്ന ഓരോന്നിനേയും അക്ഷരങ്ങളായി വിഭജിച്ചു മനസ്സിലാക്കുകയും അക്ഷരങ്ങൾ തിരിച്ചറിയാനും, വായിക്കാനും കഴിവുണ്ടായതിനുമേൽ എഴുതിച്ചു (ആദ്യം പദങ്ങൾ, പിന്നെ അക്ഷരങ്ങൾ) തുടങ്ങുകയും ചെയ്യുന്നു.

ഈ രീതിയെ അപലപിക്കുന്നവർ പുറപ്പെടുവിക്കുന്ന എതിർവാദങ്ങളുംനോക്കാം. കുട്ടി തനിക്ക് പരിചിതമായ പദാർത്ഥങ്ങളുടെ, ജന്തുക്കളുടെയും മററും, പൊതുവായ സ്വരൂപബോധം മാത്രം വച്ചുകൊണ്ട് പേരുപറയും എന്നതുശരിതന്നെ. എന്നാൽ ആ പദാർത്ഥങ്ങളേയോ, ജീവികളേയോ കുറിച്ച് കുട്ടിക്കുള്ള സ്വരൂപബോധം ഒരു കാഴ്ചകൊണ്ടോ ഒരു ദിവസംകൊണ്ടോ ഉണ്ടായതല്ലെന്നു ഓർക്കണം. പല ദിവസങ്ങൾ— അനേകം പ്രാവശ്യം— കുട്ടി കണ്ടും, തൊട്ടും, പിടിച്ചും മററും അതിദൃഢമായി മനസ്സിൽ പതിഞ്ഞിട്ടുള്ള സ്വരൂപബോധം വെച്ചുകൊണ്ടാണ് കുട്ടി പേരുപറയുന്നതു്. "പറ"തന്നെ

ഉദാഹരണമായെടുക്കുക. കുട്ടി പറ കണ്ടിട്ടുണ്ട്, തൊട്ടുനോക്കിയിട്ടുണ്ട്, പറയുടെ ഉരുൾമയും ഉൾഭാഗവും മുഖവും ചുവടും എല്ലാ ഭാഗവും കുട്ടി തട്ടിയും പിടിച്ചും കൈയോടിച്ചും മറവും നോക്കി പല ധാരണകളും ഉണ്ടായിട്ടുണ്ട്, പറകൊണ്ട് നെല്ല് അളക്കുന്നതുകണ്ടിട്ടുണ്ട്, നെല്ലു വടിക്കുന്നതിനായി തൊടുത്തിട്ടിരിക്കുന്ന കോലും ചങ്ങലയും പിടിച്ചു കിലുക്കിയും അടിച്ചും ശബ്ദമുണ്ടാക്കിട്ടുണ്ട്, ഇങ്ങനെയെല്ലാം പരിചയപ്പെട്ട പദാർത്ഥം കണ്ടിട്ടാണ് കുട്ടി "പറ" എന്നു പറയുന്നത്. നേരെ മറിച്ച് "പറ" എന്നെഴുതിയ പദത്തെക്കുറിച്ച് ഇങ്ങനെയുള്ള ധാരണകളൊന്നുമില്ല. മേൽപറഞ്ഞ വിധം കൂടുതലായി പരിചയം ലഭിക്കാത്ത പദാർത്ഥങ്ങളും കുട്ടി പറയുന്നുണ്ട്, എന്നു സമ്മതിക്കാം. എന്നാൽ അപ്രകാരം അതിപരിചിതങ്ങളല്ലാത്ത അനേകം പദാർത്ഥങ്ങളെത്തിരിച്ചറിഞ്ഞു പേരു പറയുവാൻ കുട്ടികൾ അപ്രാപ്തരായിരിക്കും. ഓരോ ദിവസങ്ങളിലായി കുയിൽ, തത്ത, മൈന, കുരുവി, പ്രാവ്, പ്രാപ്പിടിയൻ, മരംകൊത്തി, പുള്ള്, കരിയൽ, മുതലായി അനേകം തരം പക്ഷികളെ കാണിച്ചുകൊടുത്ത് പേരുപഠിപ്പിക്കുക; ഒരു 30 പക്ഷികളുടെ പേരുകൾ പഠിപ്പിച്ചശേഷം അതിൽ ചിലതിനെക്കാണിച്ചു പേരുപറയാൻ ആവശ്യപ്പെട്ടാൽ കുട്ടികൾ തെല്ലു കുഴങ്ങുകതന്നെ ചെയ്യും. വലിപ്പം, നിറം മുതലായവയിൽ പ്രകടമായ വ്യത്യാസമുള്ള പക്ഷികളെ തിരിച്ചറിയും, അല്ലാത്തവയുടെ സംഗതിയിൽ ചുരുക്കം ചിലതിലെങ്കിലും പിശകുവരാതിരിക്കയില്ല. വ്യക്തമായ ധാരണകൾക്കു വകയുള്ള ആകർഷകങ്ങളായ ജീവികളുടെ സംഗതിയിൽ ഇതാണഫലമെങ്കിൽ പലതരത്തിലുള്ള വളഞ്ഞവരകൾ ഓർമ്മയിൽവെച്ചിരുന്ന് അവ തിരിച്ചറിഞ്ഞ് ഉച്ചരിക്കുവാൻ കുട്ടികൾക്കു കഴിയുകയില്ല എന്നുതന്നെപറയാം. കുട്ടികളുടെ കഥ പോകട്ടെ; അദ്ധ്യാപകനുതന്നെ അപരിചിതങ്ങളായ 30 തരം മൃഗങ്ങളുടെ ചിത്രങ്ങൾ ഓരോ ദിവസം ഓരോന്നായിക്കണ്ടതിനുശേഷം, പെട്ടെന്ന് അവയിൽ ഒന്നിന്റെ ചിത്രം കാണിച്ച് ചോദിച്ചാൽ ശരിക്കു പേരുപറയുവാൻ കഴിയുമോ? ഇല്ലെന്നതീർച്ചതന്നെ അക്ഷരജ്ഞാനമുണ്ടാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതു ആദ്യംമുതലേ സാധിച്ചാലെന്താണ്? അക്ഷരജ്ഞാനം കൂടാതെ പത്തുനൂറുപദങ്ങൾ ഓർമ്മയിൽ നിർത്തുക എന്ന മഹാക്ലേശകരമായ ഒരു പ്രയത്നം ചുമത്തി കുട്ടികളുടെ തലച്ചോറിനെ എന്തിനു ചുട്ടുപിടിപ്പിക്കുന്നു? ഇംഗ്ലീഷുഭാഷാബോധനത്തിന് ഈ രീതി ആവശ്യമായേക്കാം. അവരുടെ ഭാഷക്കുള്ള ചില പ്രത്യേകതകളാണ് അതിന്റെ കാരണം. ചിലയക്ഷരങ്ങൾക്ക് പദത്തിൽ ഉച്ചാരണമേയില്ല, മററുചിലവക്ക് സന്ദർഭംപോലെ പല ഉച്ചാരണങ്ങൾവരും, അക്ഷരങ്ങൾക്ക് സ്വായമായിട്ടുള്ള ഉച്ചാരണമല്ലാ പദത്തിൽ അവക്കുള്ളത് ഇങ്ങനെയെല്ലാം കുഴപ്പമുള്ള ഭാഷയിൽ പദങ്ങൾ ധാരാളം പരിചയപ്പെടുത്തി അക്ഷരങ്ങൾക്ക് പദങ്ങളിൽ വരുന്ന ഉച്ചാരണവും മററു വിശേഷവിധങ്ങളും ബോധ്യപ്പെട്ടതിനുമേൽമാത്രം അക്ഷരങ്ങൾ പഠിക്കുക എന്നതു് ആശാസ്യമായരീതിയായിരിക്കും. മലയാള ഭാഷയുടെ മട്ട് അതല്ലല്ലോ. അക്ഷരങ്ങൾക്ക് സ്വായമായിട്ടുള്ള ഉച്ചാരണംതന്നെ പദങ്ങളിലും, ഒരേ അക്ഷരത്തിന് ഏതുരൂപത്തിലും ഒരേ ഉച്ചാരണം തന്നെ, അക്ഷരങ്ങൾ ശരിക്ക് ഉച്ചരിക്കുവാനും എഴുതുവാനും വശപ്പെട്ടാൽ ഏതുമഹാപ്രബന്ധം വായിക്കുവാനും അതേപടി എഴുതുവാനും ഇവിടെ വലിയപ്രയാസമില്ല. അങ്ങനെയിരിക്കെ പദങ്ങളായി മാത്രം വളരെയെണ്ണം ഓർമ്മയിൽ നിർത്തിച്ച് കുട്ടികളെ കുഴക്കേണ്ടകാര്യമില്ല; ആദ്യംമുതലേ പദങ്ങളിൽനിന്ന് അക്ഷരജ്ഞാനംവരുത്താം. ഈ അഭിപ്രായഗതിയനുസരിച്ചുള്ളതാണ് രണ്ടാമത്തെ രീതി.

II. വിശേഷിച്ച് ഒന്നും പറയാതെതന്നെ ആ

രീതിയെക്കുറിച്ച് മേൽപറഞ്ഞ സംഗതികളിൽനിന്നു ഗ്രഹിക്കാം. ഓരോ പദവും പഠിപ്പിക്കുമ്പോൾ പദങ്ങളെ അപ്പഴപ്പോൾ അക്ഷരങ്ങളായി വിഭജിച്ച് ഓരോ അക്ഷരവും പ്രത്യേകം പഠിപ്പിക്കുക എന്നതാണ് ഇതിന്റെ സമ്പ്രദായം. ആദർശവാദികൾ എന്തുതന്നെ പറഞ്ഞാലും പ്രയോഗത്തിൽ ഏററവും സൌകര്യമുള്ളതും മലയാണ്മയുടെ മട്ടിന് മതിയാകുന്നതുമായ ഒരു പദ്ധതിയാണ് ഇതെന്നു പറയാം.

III മൂന്നാമത്തെ രീതി പല പദങ്ങളിൽനിന്ന് ഒരക്ഷരം പഠിപ്പിക്കുക എന്നതാണ്. പദങ്ങളെ വിഭജിച്ച് ഓരോ അക്ഷരവും പഠിപ്പിക്കുന്നില്ല; ഏതാനും പദങ്ങൾ എഴുതി അവയിലെല്ലാററിലുമുള്ള ഒരക്ഷരം പഠിപ്പിക്കുന്നു. 2-ാമത്തെ രീതിയും ഇതും തമ്മിലുള്ള വ്യത്യാസം ചില ഉദാഹരണങ്ങൾകൊണ്ടു വ്യക്തമാക്കാം:—

തല, വല, മല

ഇങ്ങനെ മൂന്നു വാക്കുകൾ ഒരു പാഠത്തിലുണ്ടെന്നിരിക്കട്ടെ. 2-ാമത്തെ രീതിപ്രകാരം ആ പാഠത്തിൽനിന്ന് ത-ല-വ-മ ഇങ്ങനെ നാലക്ഷരങ്ങൾ കുട്ടി പഠിക്കണം. അതായതു് ത-ല; വ-ല; മ-ല; ഇങ്ങനെ ഓരോ പദവും വിഭജിച്ച് എല്ലാ അക്ഷരങ്ങളും അഭ്യസിക്കണം. 3-ാമത്തെ രീതിപ്രകാരം, ഈ മൂന്നു പദത്തിലും കാണുന്ന "ല" എന്ന അക്ഷരം മാത്രം കുട്ടികളെ മനസ്സിലാക്കുന്നു. "പ" എന്ന അക്ഷരം പഠിപ്പിക്കുന്നതിന് പ ചേർന്ന പല പദങ്ങൾ വേണം. പറ-പശു-പന-പട്ടി-ഇങ്ങനെ പല പദങ്ങൾ (പദാർത്ഥാദികൾ കാണിച്ചു പേരു പറയിച്ച്) എഴുതി, അക്ഷരം തിരിച്ച് ഉച്ചരിക്കുന്നു. പ-റ; പ-ശു; പ-ന; പ-ട്ടി; ഇങ്ങനെ തിരിച്ചു പറയുമ്പോൾ എല്ലാററിലും ആദ്യമായി കേൾക്കുന്ന ഉച്ചാരണം ഒന്നുതന്നെയെന്നും അതു് എഴുതുന്നതിനുള്ള ലിപിയും ഒന്നുതന്നെയെന്നും കുട്ടികൾ രഹിക്കുന്നു. ഓരോ പദത്തിലെയും ആദ്യോച്ചാരണം "പ" എന്നതാണെന്നു ബോദ്ധ്യപ്പെടുത്തി ഓരോ പദത്തിലും ആ ഉച്ചാരണം രേഖപ്പെടുത്തിയിരിക്കുന്ന ലിപിയും പ്രത്യേകനിറത്തിൽ എഴുതിക്കാണിക്കുന്നു. ഇങ്ങനെ ഒരേ ഉച്ചാരണവും ലിപിയും പല പദങ്ങളിൽക്കണ്ട് ആ അക്ഷരം ഉച്ചരിക്കുവാനും എഴുതുവാനും കുട്ടികൾ പഠിക്കുന്നു. രണ്ടാമത്തെ രീതിപ്രകാരമുള്ള ഒരു പാഠത്തിലെ ഏതാനും പദങ്ങളിൽ നിന്ന് പലയക്ഷരം പഠിക്കുന്നതിനു പകരം ഈ രീതിപ്രകാരം ഏതാനും പദങ്ങളിൽ നിന്ന് ഒരക്ഷരം മാത്രം പഠിക്കുന്നു.

അക്ഷരജ്ഞാനത്തിന് അത്യന്തം പററിയ ഒരു പദ്ധതിയാണ് ഇതു്. പല പദങ്ങളിൽനിന്നു കേൾക്കുന്ന ശബ്ദവും കാണുന്ന ലിപിരൂപവുംകൊണ്ടു അക്ഷരം ദൃഢമായി മനസ്സിൽ പതിയുന്നുണ്ടു്. താരതമ്യചിന്ത, അനുമാനം മുതലായി പല മാനസിക വ്യാപാരങ്ങളും ഈ രീതിപ്രകാരമുള്ള ബോധനത്തിൽ ആവശ്യമായി വരുന്നുണ്ടെന്നും പറയാം. മാത്രമല്ലാ ദ്വേധാ പ്രത്യക്ഷബോധനമാണ് ഇവിടെ നടക്കുന്നതു്. വസ്തുക്കളെ കാണിച്ച് സംഭാഷണം നടത്തി പദങ്ങൾ എഴുതുന്നതുതന്നെ ഒരുവക പ്രത്യക്ഷബോധനം; പല പദങ്ങളുടെ (ലിപി) രൂപവും ശബ്ദവും പ്രത്യക്ഷപ്പെടുത്തി അതിൽനിന്ന് അക്ഷരം ഗ്രഹിപ്പിക്കുന്നതിനാൽ ആ വിധത്തിലും ഒരുതരം പ്രത്യക്ഷബോധനം. എന്നാൽ ചില ന്യൂനതകൾ പറയാനുണ്ട്. എന്തുകൊണ്ടു പദങ്ങളിലെ മററ് അക്ഷരങ്ങൾ പഠിപ്പിക്കുന്നില്ല? ഒരക്ഷരം മാത്രം പ്രധാനം, മറേറതു ഉപയോഗശൂന്യം എന്നില്ലല്ലോ; എങ്കിലും അപ്രകാരമുള്ള ഒരു തെററി

STANDS FOR QUALITY

PHOTOGRAPHS
ENLARGEMENTS
DESIGNS & CINE SLIDES

Indoor Photos taken Day or Night
PERMANENCY GUARANTEED

CHITHRA ELECTRIC STUDIO
Bank Road, CALICUT.

ധാരണ കുട്ടികളിൽ ജനിക്കാൻ വഴിയില്ലേ? ഇല്ലെങ്കിൽതന്നെയും ഒരക്ഷരം മാത്രം വേർതിരിച്ചെടുക്കുന്നതിന് ഉപപത്തിയെന്തു്?

എല്ലാ അക്ഷരങ്ങളും മനസ്സിലാക്കിവരുന്നതിനു വളരെ വളരെ പദങ്ങൾ ആവശ്യമായിവരുന്നു. ഇതു് ഒരു ഗുണമായും ദോഷമായും പറയാം. വാക്യങ്ങൾ വായിക്കുവാൻ കാലവിളംബം നേരിടുന്നു എന്നും അതുമൂലം കൂട്ടിവായനയിൽ കുട്ടികൾക്കു ശ്രദ്ധയില്ലാതെ വന്നേക്കുമെന്നും പറയാവുന്നതാണ്.

ഇപ്പോൾ പറഞ്ഞ ഈ മൂന്നു രീതികളും തമ്മിലുള്ള ബന്ധവ്യത്യാസങ്ങൾ ശരിക്കു ധരിക്കേണ്ടതാണ്. പദാർത്ഥങ്ങളോ മാതൃകകളോ പദാർത്ഥങ്ങളുടെ നല്ല ചിത്രങ്ങളോ കാണിച്ചു് സംഭാഷണം നടത്തി ആശയബോധമുണ്ടാക്കിയശേഷം ആ പദാർത്ഥങ്ങളുടെ പേരു പറയിച്ചു് എഴുതി പദം (സാകല്യേന) കണ്ടാൽ തിരിച്ചറിയുന്നതിനും വായിക്കുന്നതിനുമുള്ള പരിശീലനംകൊടുക്കുക എന്നതു് പദരീതിയിൽ പൊതുവായിട്ടുള്ളതാണ്. മൂന്നു സമ്പ്രദായ വിശേഷങ്ങളുടേയും പ്രാരംഭഘട്ടം ഈ പദപരിചയം തന്നെ. പദങ്ങളെ അക്ഷരങ്ങളായി വിഭജിക്കുന്ന സംഗതിയിൽമാത്രമാണ് വ്യത്യാസം. ആ സംഗതിയിൽ കൂടുതൽ ബന്ധമുള്ളതു 1-ം 2-ം രീതികൾ തമ്മിലാണ്. 1-ാംരീതിയിൽ അനേകം പദങ്ങൾ സാകല്യേന പഠിച്ചുകഴിഞ്ഞിട്ടേ വിഭജിക്കുന്നുള്ളു; 2-ാംരീതിയിൽ ഓരോ പദവും പഠിപ്പിക്കുന്നതോടെ വിഭജിക്കുകയും ചെയ്യുന്നു; ഇങ്ങനെ വ്യത്യാസമുണ്ടെങ്കിലും വിഭജനവും അതിൽനിന്നുണ്ടാകുന്ന അക്ഷരജ്ഞാനവും ഒരേമട്ടിലാണ്. അതായതു് രണ്ടു രീതിപ്രകാരവും പദങ്ങളിലെ ഓരോ അക്ഷരവും തിരിച്ചു ഗ്രഹിപ്പിക്കപ്പെടുന്നു. അക്ഷരങ്ങളായി വിഭജിക്കുന്നതിൽ 2-ം 3-ം രീതികൾ തമ്മിലുള്ള വ്യത്യാസം മുൻപു പറഞ്ഞിട്ടുണ്ട്.

പ്രയോഗസൌകര്യം കൂടുതലുള്ളതു് 2-ാമത്തെ രീതിക്കാണെന്നു് സൂചിപ്പിച്ചുവല്ലോ. ആ കൂടുതൽ സൌകര്യങ്ങളെന്തെല്ലാമാണെന്നു നോക്കാം. ഒരു പാഠത്തിൽ പഠിക്കുന്ന അക്ഷരങ്ങൾകൂടി ഉപയോഗിച്ചു് അടുത്ത പാഠം തയാർ ചെയ്യാം; അങ്ങനെ ഒരു പാഠം അടുത്ത പാഠത്തിന്റെ അടിസ്ഥാനമോ സഹായപാഠമോ ആക്കിത്തുടർന്നുകൊണ്ടുപോകാം. 1-ാമത്തെ പാഠം, "തറ", "വര" എന്ന രണ്ടു പദങ്ങളാണെന്നിരിക്കട്ടെ. ത-റ-വ-ര- എന്നു് നാലക്ഷരങ്ങൾ ആ പാഠംകൊണ്ടു് ഗ്രഹിക്കാം. അടുത്ത പാഠത്തിലെ പദങ്ങളിൽ ഈ നാലക്ഷരങ്ങളിൽ ചിലതും ഒന്നോ രണ്ടോ പുതിയ അക്ഷരങ്ങളുമാകുമ്പോൾ കുട്ടികൾക്ക് വായനയിലും അക്ഷരഗ്രഹണത്തിലും എളുപ്പം കിട്ടുന്നു എന്നു മാത്രമല്ല, മുൻപുപഠിച്ച അക്ഷരങ്ങൾ ആവർത്തനംമൂലം കൂടുതൽ ഉറയ്ക്കുകയും ചെയ്യുന്നു. 2-ാമത്തെ പാഠം, 'തല', 'വല', 'മല' എന്ന മൂന്നു വാക്കുകളായിരിക്കട്ടെ. തല എന്ന പദം എഴുതി ത എന്നും ല-എന്നും വെവ്വേറെ ലിപികൾ ചൂണ്ടിക്കാണിച്ചു് ഉച്ചരിച്ചു കേൾപ്പിക്കുമ്പോൾ, 'ത' മുൻപേ പഠിച്ചുകഴിഞ്ഞ അക്ഷരമായ സ്ഥിതിക്കു് 'ല' മാത്രം ഓർമ്മയിൽ നിറുത്തിയാൽ മതിയാകും. 'വല' എന്നതിലും 'വ' മുൻപു പഠിച്ചതാണ്. 'മല' എന്നതിലെ 'ല' രണ്ടു പദങ്ങളിൽ പരിചയപ്പെട്ടുകഴിഞ്ഞ സ്ഥിതിക്കു് 'മ' മാത്രമേ അവിടെയും ഓർമ്മയിൽ നിറുത്താൻ ക്ലേശിക്കേണ്ടതുള്ളു. ത-വ ഇവയ്ക്കു ആവർത്തനവുമായി.

നൂതനപദനിർമ്മാണമാണ് മറെറാരുസൌകര്യം. തറ, വര, മല, പറ, പന, എന്ന അഞ്ചു പദങ്ങൾ അക്ഷരജ്ഞാനത്തോടുകൂടി പഠിച്ചുകഴിഞ്ഞാൽ മറ. ലത, നര, മന, വറ, മറ മുതലായ ചില പുതിയ വാക്കുകൾ പ്രയാസംകൂടാതെ വായിക്കാം; കൂടുതൽ പദങ്ങൾ വശമാകുന്നതു കൂടാതെ പല വാക്കുകളിൽ ഉപയോഗിച്ചു് അക്ഷരപരിചയം ദൃഢതരമാകും എന്നൊരു ഗുണംകൂടയുണ്ട്.

പഠിച്ച പദങ്ങൾ ചേർത്തു് വാക്യങ്ങൾ നിർമ്മിപ്പിച്ചു് വായനാപരിശീലനം നടത്തുവാനുള്ള സൌകര്യം ഈ രീതിയിൽ ആദ്യംമുതല്ക്കുതന്നെ കിട്ടുന്നു. മഴ, കിളി, പാടി, മാറി, മരം, ഇല, വീണു, പൊഴിഞ്ഞു, ഇങ്ങനെ പല വാക്കുകൾ പരിചയപ്പെട്ടു കഴിയുമ്പോൾ 'കിളിപാടി'; 'മഴമാറി'; 'മരം വീണു'; 'ഇല പൊഴിഞ്ഞു'; എന്നിങ്ങനെ, വാക്യങ്ങൾ രൂപവൽക്കരിച്ചു് വായനാപരിശീലനം തുടങ്ങാം.

മേൽപറഞ്ഞ മൂന്നു രീതികളേയും ഒരു സംഗതിയിൽ യോജിക്കുന്നതായിപ്പറഞ്ഞുവല്ലോ. വസ്തുക്കളും ചിത്രങ്ങളും കാണിച്ചു് പദം പറയിച്ചു എഴുതി, പദം സാകല്യേന കണ്ടാൽ തിരിച്ചറിഞ്ഞു് വായിക്കുന്നതിനുള്ള പരിചയമുണ്ടാക്കുക എന്ന ആദ്യഘട്ടത്തിന്റെ പ്രയോഗം ശ്രദ്ധാപൂർവ്വം സാധിക്കേണ്ടതാണ്.

*പാർല്ലിയമെൻറുകളുടെ മാതാവ്.

ഐവർ തോമസ്സ്.

ബ്രിട്ടീഷ് പാർല്ലിയമെൻറ് മൂന്നു ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ്— രാജാവ്, പ്രഭുസഭ, പൊതുജനസഭ. പാർല്ലിയമെൻറിൽ അവതരിക്കപ്പെടുന്ന ഏതു പ്രമേയവും നിയമമായിത്തീരുന്നതിന്നു ഈ മൂന്നു ഘടകങ്ങളുടെയും സമ്മതം ആവശ്യമാണ്. "ദി കിങ്ങ് ഇൻ പാർല്ലിയമെൻറ്" ആണ് ഐക്യരാജ്യത്തെ ഭരണമേധാവി; ഒരു സുപ്രസിദ്ധ രാഷ്ട്രീയമീമാംസകൻെറ അഭിപ്രായത്തിൽ ഈ മേധാവിക്ക് "ഒരു സ്ത്രീയെ പുരുഷനാക്കുകയൊ ഒരു പുരുഷനെ സ്ത്രീയാക്കുകയൊ ചെയ്യുന്നതൊഴികെയുള്ള മററു സകലതിന്നും അധികാരമുണ്ട്."

പ്രഭുസഭയിലെ ഭൂരിപക്ഷാംഗങ്ങളും ആജീവനസാമാജികന്മാരായ പാരമ്പര്യപ്രഭുക്കന്മാരാണ്. അവരിൽ മിക്കവരും അംഗങ്ങളായിരിക്കുന്നതൊ അവരുടെ പിതാക്കന്മാർ അവക്കു മുമ്പു അംഗങ്ങളായിരുന്നതുകൊണ്ടുമാത്രം; എന്നാൽ, മററു കുറേ പ്രഭുക്കന്മാർ രാജാവിൻെറ സൃഷ്ടികളാണ്, അവരുടെ പിൻഗാമികൾ പ്രസ്തുതപദവിക്കധികാരികളും. ഇവരെക്കൂടാതെ പാരമ്പര്യാവകാശികളല്ലാത്ത മററു ചിലരും പ്രഭുസഭയിൽ അംഗങ്ങളായിട്ടുണ്ട്. "ആത്മീയപ്രഭുക്കന്മാർ" ആണവർ— കാൻറർബറിയ ലേയും യോക്കിലേയും ആർച്ചുബിഷപ്പ്മാർ, ലണ്ടനിലേയും ഡ്യൂർഹാമിലേയും വിൻസ്റ്ററിലേയും ബിഷപ്പ്മാർ, ധർമ്മാദ്ധ്യക്ഷന്മാരിൽ അധികാരകാലം മുൻഗണിച്ചുംകൊണ്ടുള്ള 21 മററു ബിഷപ്പുമാരും. കൂടാതെ ഭൗതികനീതിന്യായമേധാവികളായ ഏഴ് പ്രഭുക്കന്മാർ (നിയമപ്രഭുക്കന്മാർ), പാർല്ലിയമെൻറിൻെറ തുടക്കത്തിൽ സ്കോട്ട്ലൻറിലെ പ്രഭുക്കന്മാർ തങ്ങളിൽനിന്നു തന്നെ തിരഞ്ഞെടുക്കുന്ന 16 പ്രതിനിധികൾ, അയർലൻറിലെ പ്രഭുക്കന്മാരുടെ പ്രതിനിധികളും ആജീവന സാമാജികന്മാരുമായ 13 പേർ (26 സ്ഥാനങ്ങളാണവക്കനുവദിക്കപ്പെട്ടതെങ്കിലും പകുതി സ്ഥാനങ്ങൾ നികത്തപ്പെടാറില്ല) ഇവരും പ്രഭുസഭാംഗങ്ങളാണ്. ഇങ്ങിനെ പ്രഭുസഭയിൽ 750 അംഗങ്ങളാണുള്ളതെങ്കിലും സഭയുടെ അധികാരം നടത്തുന്നതു അവരിൽ ചുരുക്കം അംഗങ്ങൾ മാത്രമാണ്.

പ്രജാസഭയിൽ 615 അംഗങ്ങളാണുള്ളത്; അവർ പ്രായപൂർത്തി വോട്ടവകാശപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരും ഓരോ പാർല്ലിയമെൻറിൻെറ ആയുഷ്കാലത്തോളവും അംഗങ്ങളായിരിക്കുന്നവരുമാണ്. മിക്ക ജനപ്രതിനിധികളും (പാർല്ലിയമെൻറു മെമ്പർമാരെന്നൊ എം. പി. യെന്നൊ ആണവരുടെ സ്ഥാനപ്പേർ) ഓരോ പ്രാദേശിക നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരാണ്; എന്നാൽ ചില നിയോജകമണ്ഡലങ്ങൾ ഈരണ്ടംഗങ്ങളെ തിരഞ്ഞെടുക്കാറുണ്ട്. കൂടാതെ 12 പേരെ സർവ്വകലാശാലകളും തിരഞ്ഞെടുത്തയക്കുന്നു.

അസ്ഥിരബുദ്ധികൾ എന്നിങ്ങിനെയുള്ള ഏതാനും ചിലരൊഴികെ 21വയസ്സു കഴിഞ്ഞ സകലമാന സ്ത്രീപുരുഷന്മാൎക്കും സമ്മതിദാനാവകാശമുണ്ടു്. "ഒരാൾക്കു ഒരു വോട്ട്" എന്നതാണു് പൊതുതത്വമെങ്കിലും, ഒന്നിലധികം നിയോജകമണ്ഡലങ്ങളിൽ ജോലിയോ പാൎപ്പിടങ്ങളോ ഉള്ളവൎക്കും സൎവ്വകലാശാലാ സമ്മതിദാനാവകാശമോ ഉള്ളവൎക്കും രണ്ടു നിയോജകമണ്ഡലങ്ങളിൽ വോട്ടധികാരമുണ്ടു്. സാധാരണ നിയോജകമണ്ഡലങ്ങളിൽ ഏററവുമധികം വോട്ടു ലഭിച്ച ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നു; എന്നാൽ ഒന്നിലധികം അംഗങ്ങളെ തിരഞ്ഞെടുക്കുന്ന സൎവ്വകലാശാലാ നിയോജകമണ്ഡലങ്ങൾക്കു് "പ്രൊപ്പോർഷ്യനൽ" പ്രാതിനിദ്ധ്യാവകാശമാണുള്ളതു്.

നിയമസഭയെന്നാണു് പാർല്ലിയമെൻറിൻെറ പേരു്, കാരണം നിയമനിൎമ്മാണമാണതിൻെറ ജോലി. ഭരണസംബന്ധമായ ദൈനംദിനജോലികൾ നിൎവ്വഹിക്കുന്നവർ "എക്സിക്യൂട്ടീവ്" (ഭരണനിൎവ്വാഹകന്മാർ) എന്നു പറയപ്പെടുന്നു. നിയമസഭയുടേയും, എക്സിക്യൂട്ടീവിൻെറയും തലവനാണു് രാജാവ്; ചില കാൎയ്യങ്ങളെ സംബന്ധിച്ചേടത്തോളം അവ, വത്യസ്ത മണ്ഡലങ്ങൾതന്നെയാണു്. എക്സിക്യൂട്ടീവിൻെറ പ്രവൃത്തികളെ നിരൂപണദൃഷ്ട്യാ വീക്ഷിക്കുകയാണു് നിയമസഭയുടെ പ്രധാന കാൎയ്യങ്ങളിലൊന്നു്.

എക്സിക്യൂട്ടീവിലെ യാതൊരംഗത്തിന്നും നിയമസഭയിൽ അംഗമായിരിക്കുവാൻപാടില്ല എന്നു കർശനമായ നിഷ്കൎഷയോടുകൂടി രണ്ടും വ്യത്യസ്തമണ്ഡലങ്ങളായിനിൎത്തീട്ടുള്ളതാണു് അമേരിക്കയിലെ ഐക്യരാജ്യങ്ങളിലേതുപോലുള്ള ചില ഭരണഘടനകൾ. ബ്രിട്ടീഷു ഭരണഘടനയിലും എക്സിക്യൂട്ടീവിലെ സാധാരണ അംഗങ്ങൾക്കു് (ഉദ്യോഗസ്ഥന്മാൎക്കു്) നിയമസഭയിൽ അംഗങ്ങളാവാൻ പാടില്ല; എന്നാൽ ഭരണ നിൎവ്വഹണസമ്പ്രദായമനുസരിച്ച്, എക്സിക്യൂട്ടീവിൻെറ പ്രധാന അംഗങ്ങൾ (മന്ത്രിമാർ) നിയമസഭയിൽ അംഗങ്ങളായിരിക്കണമെന്നു് നിൎബ്ബന്ധ

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything

up-to-date in PIECE GOODS

and FANCY ARTILES.

Prices Defy competition.

കോഴിക്കോട്ട്

'ബാദ്ഷാ സ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണു്.

S. H. BADSHA SAHEB & CO,
HUZUR ROAD,
CALICUT.

മാണ്. മന്ത്രിമാരെ നിയമിക്കുമ്പോഠം നിയമസഭയിൽ അംഗങ്ങളല്ലെങ്കിൽ അവർ കഴിവുള്ളത്ര വേഗത്തിൽ അതിൽ സ്ഥാനം സമ്പാദിക്കേണ്ടതുണ്ട്. ഈ ഉപാധികളാൽ, രണ്ടു മണ്ഡലങ്ങളുടെ വ്യതിരിക്തഭാവം നിലനിൎത്തുന്നതോടുകൂടി, ബ്രിട്ടീഷ് എക്സിക്യൂട്ടീവിലെ അംഗങ്ങഠം പൊതുജനപ്രതിനിധികളുടെ ദൈനംദിനം സഹവസിച്ചു പ്രവൎത്തിക്കുന്നതുകൊണ്ട്, ആയതു് (എക്സിക്യൂട്ടീവ്) പൊതുജനാഭിപ്രായവുമായി അടുത്തു ബന്ധപ്പെട്ടാണ് വൎത്തിക്കുന്നത്.

രാജാവിൻെറ മന്ത്രിമാർ—അവൎക്കു കൂട്ടായപേരാണ് ഗവൎമ്മേണ്ട് എന്നതു—രണ്ടിലൊരു സഭയിലേതിലെങ്കിലും അംഗങ്ങളായിരിക്കും; എന്നാൽ "ചാൻസലർ ഓഫ് ദി എക്സ്ചെക്കർ" എന്ന മന്ത്രി പ്രജാപ്രതിനിധിസഭയിലെ അംഗമായിരിക്കണമെന്നതു്, ഭരണനിൎവ്വഹണതത്വമനുസരിച്ചു ഉപാധിയാണ്. പൊതുജനസഭയിൽ അംഗമല്ലാത്ത ഒരാളെ പ്രധാനമന്ത്രിയായി നിയമിക്കുന്നതല്ലെന്നും ഒരു പതിവായിത്തീൎന്നിട്ടുണ്ട്. പണ്ടുകാലങ്ങളിൽ രാജാവ് സൎവ്വാധികാരിയായിരുന്നു; എന്നാൽ വളരെക്കാലമായിട്ട്, ഉത്തരവാദപ്പെട്ട മന്ത്രിയുടെ ഉപദേശമനുസരിച്ചുമാത്രമേ രാജാവിന്നു പ്രവൎത്തിക്കാവൂ എന്നതു ഭരണഘടനാനിഷ്കൎഷയായിത്തീൎന്നിട്ടുണ്ട്.

സാധാരണ കാലങ്ങളിൽ ബ്രിട്ടീഷ് പാർല്ലിയമെൻറിൻെറ പ്രാപ്തിപൂൎവ്വമായ പ്രവൎത്തനം രണ്ടു വമ്പിച്ച രാഷ്ട്രീയ കക്ഷികളെ ആസ്പദമാക്കിയാണിരിക്കുന്നതു്—ഒരുകാലത്തു ടോറികളും വിഗ്ഗുകാരും, പിന്നീട് യാഥാസ്ഥിതികകക്ഷിയും മിതവാദി കക്ഷിയും, ഇന്നു യാഥാസ്ഥിതികകക്ഷിയും, തൊഴിലാളി കക്ഷിയും. ഇവകൂടാതെ മററു ചെറുകക്ഷികളും സംഘങ്ങളും ഇതേവരെയുണ്ടായിട്ടുണ്ട്, എന്നാൽ ഇവയാണ് പ്രധാനകക്ഷികഠം; താല്ക്കാലികമായ സംയുക്തമന്ത്രിസഭകഠം പ്രവൎത്തിക്കപ്പെട്ടുപോന്ന കാലത്തും ഈ കക്ഷികഠം വ്യത്യസ്തമായിത്തന്നെ നിലനിന്നുവന്നിട്ടുണ്ട്. പ്രജാസഭയിൽ ഏററവും വമ്പിച്ച ഭൂരിപക്ഷമനുഭവിക്കുന്ന കക്ഷിയുടെ നേതാവിനെ ഒരു ഗവൎമ്മേണ്ടു രൂപീകരിക്കുവാൻ രാജാവ് ക്ഷണിക്കുക എന്നതാണ് ഭരണചട്ടം. കാരണം, അത്തരം ഒരാഠം പ്രജാസഭയുടെ "വിശ്വാസം ആൎജ്ജിക്കുന്ന ആഠം" അതായതു് പ്രജാസഭയിൽ ഉറച്ച ഒരു ഭൂരിപക്ഷത്തിൽ താങ്ങുള്ള ദേഹം ആയിരിക്കും.

ഒരു പ്രധാനപ്രശ്നത്തെ സംബന്ധിച്ചു പ്രജാസഭയിൽ ഗവൎമ്മേണ്ടിന്നു പരാജയം സംഭവിക്കുന്നപക്ഷം അതു രാജിവെക്കുമെന്നുള്ളതും ഭരണഘടനാപരമായ ഒരു പതിവാണ്. അത്തരം സന്ദൎഭത്തിൽ പാർല്ലിയമെൻറ് പിരിച്ചുവിട്ടു പുതിയൊരു പൊതുതിരഞ്ഞെടുപ്പു നടത്തുകയാണ് പതിവ്.

അമേരിക്കയിലെ ഐക്യരാജ്യങ്ങഠം, ഫ്രാൻസ് മുതലായ ചില രാജ്യങ്ങളിൽ ഒരു ക്ലിപ്തമായകാലത്തേക്കാണ് നിയമസഭ തിരഞ്ഞെടുപ്പു് നടത്തുന്നതു്—

ചിലേടങ്ങളിൽ നാലുകൊല്ലം. ഈ നിശ്ചിതകാലം നീട്ടുവാനോ നിശ്ചിതകാലത്തിനിടക്ക് നിയമസഭ പിരിച്ചുവിടുവാനോ നിർവ്വാഹമില്ല. ബ്രിട്ടനിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞു അഞ്ചു വർഷം കഴിയുന്നതോടുകൂടി പാർലിമെൻറിൻെറ കാലം അവസാനിക്കുകയായി, എന്നാൽ, ആവശ്യമെന്ന് കാണുകയാണെങ്കിൽ തൻെറ സ്വന്തം ആയുസ്സ് നീട്ടുവാൻ പാർലിമെൻറിന്നധികാരമുണ്ട് (അതിൻെറ അധികാരത്തിന്ന് അതിർത്തിയില്ലല്ലൊ) ; യുദ്ധസ്ഥിതി പരിഗണിച്ച് നിലവിലുള്ള പാർലിമെൻറ് നാലുപ്രാവശ്യം ഓരോ വർഷത്തേക്ക് അതിൻെറ കാലാവധി നീട്ടിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഉപദേശാനുസരണം രാജാവിന്ന്, ക്ലുപ്തമായ അഞ്ചു വർഷത്തിലിടക്കുതന്നെ പാർലിമെൻറു പിരിച്ചു വിടാവുന്നതാണ്.

പാർലിമെൻറു പിരിച്ചുവിടാനുള്ള അധികാരം പ്രധാനമന്ത്രിക്ക്, അംഗങ്ങളുടെ മേൽ ആവശ്യപൂർവ്വകമായ നിയന്ത്രണം ചെലുത്തുവാനും, എന്തു വന്നാലും അഞ്ചു വർഷത്തേക്ക് തങ്ങൾക്ക് പാർലിമെൻറിൽ ഇരുന്നു പ്രവർത്തിക്കാം എന്ന് അംഗങ്ങൾ വിചാരിക്കുന്നുവെങ്കിൽ അതിനെ തടയുവാനും ഇടവരുത്തുന്നുണ്ട്. കൂടാതെ, ഒരു നിശ്ചിത തിയ്യതിക്ക് ഒരു പൊതു തിരഞ്ഞെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ രാജ്യത്തിലെ ചരിത്രത്തിൽ കഴിഞ്ഞു മറിഞ്ഞ ഒരു കാലഘട്ടത്തിലായിരിക്കും അതു വേണ്ടിവരികയെന്നും ഉള്ളതു വാസ്തവമാണ്.

* ഇംഗ്ലീഷിൽനിന്ന്.

Volume and Value Tables for Round & Squared Timber

Measured in English Linear Feet and Inches.

ക്യൂബിക്കടിയിൽ ഉള്ള പുതിയ മരക്കണക്കു പുസ്തകം

ഇതിൽ 6 ഇഞ്ചു മുതൽ 200 ഇഞ്ചുവരെ വണ്ണമുള്ള തടികളുടേയും ചതുര ഉരുപ്പടികളുടേയും (നീളം 1 മുതൽ $50\frac{3}{4}$ അടിവരേയുള്ളതിൻെറ) ക്യൂബിക്കടി ഇതിൽനിന്നു എളുപ്പത്തിൽ എടുക്കാം. ക്യൂബിക്കടിക്കു കാലണ മുതൽ 6-ക, വരേയും 1 മുതൽ 10,000 ക്യൂബിക്കടിവരേയും ഉള്ള തടികളുടെ വിലയും ഇതിൽ കൊടുത്തിട്ടുണ്ട്. കൊച്ചി ഗവർമ്മേണ്ടു അംഗീകരിച്ചിട്ടുള്ളതും മദിരാശി ഗവർമ്മേണ്ടു ഇപ്പോൾ ധാരാളം ഉപയോഗിച്ചുവരുന്നതുമായ ഈ പുസ്തകം മരക്കച്ചവടക്കാർക്കും കൺട്രാക്ടർമാർക്കും അത്യാവശ്യമാണ്.

വില,	സാധാരണ	ബൈണ്ടു	ക.	2—8—0
,,	കാലിക്കൊ	,,	,,	3—0—0
,,	തുകൽ	,,	,,	3—8—0

മലയാളത്തിലെ എല്ലാ ലൈബ്രറി പുസ്തകങ്ങളും ഇവിടെ കിട്ടുന്നതാണ്. ആകർഷണീയമായ കമ്മീഷൻ, കാററ്ലോഗ് സൌജന്യം.

ഭാരതവിലാസം പ്രസ്സ് & ബുക്ക്ഡെപ്പോ, തൃശ്ശിവപേരൂർ.

ജനസമ്മതി*

ടി. പി. മാത്യു; ബി. എ., ബി. എൽ.

"അദ്ദേഹം പൊതുജനസമ്മതനാണ്" എന്നു ചില ആളുകളെക്കുറിച്ചു പറയാറുണ്ട്. എന്നാൽ, ആ ആളുകളുടെ പൊതുജനസമ്മതി ഏതു തരത്തിൽപ്പെട്ടതാണെന്നു വളരെ ഗൌരവമായി ആരും ചിന്തിക്കാറില്ല. സൂക്ഷ്മമായി ആലോചിക്കുന്നവർ രണ്ടു തരത്തിലുള്ള ജനസമ്മതിയുണ്ടെന്നു മനസ്സിലാകും; അതായതു വിദൂരസ്ഥിതവും സമീപസ്ഥവും. ഇതിൽ രണ്ടാമത്തേതിന്നു ആദ്യത്തേതിനെ അപേക്ഷിച്ചു കൂടുതൽ വിലയുണ്ട്. എന്തുകൊണ്ടെന്നാൽ സമീപസ്ഥമായ ജനസമ്മതി ഒരാൾക്കുണ്ടാകുന്നതു അയാളോടു പരിചയപ്പെടുന്നവർ അയാളെ ഇഷ്ടപ്പെടുന്നതുകൊണ്ടാണ്. അപരിചിതന്മാരുടെ ഇടയിൽ തന്നെപ്പററി അനുകൂലമായ ഒരഭിപ്രായം എങ്ങനേയോ പ്രചരിപ്പിക്കാൻ കഴിഞ്ഞുവെന്ന കൃതാർത്ഥതക്കേ വിദൂരസ്ഥിതജനസമ്മതന്നു അവകാശമുള്ളു. ഈ രണ്ടുതരത്തിലുള്ള ജനസമ്മതിയേയും കുറെയൊക്കെ ഒരേ നിലയിൽ കണക്കാക്കാമെങ്കിലും പലപ്പോഴും അവരണ്ടും രണ്ടാണെന്നു വ്യക്തമാകും. വിദൂരസ്ഥിതമായ ജനസമ്മതിയുള്ള പലരും അടുത്തുപെരുമാറുവാൻ കൊള്ളാത്തവരായി അനുഭവപ്പെട്ടേക്കാം.

സമീപസ്ഥമായ ജനസമ്മതം എല്ലായ്പ്പോഴും ഒരാളിലുള്ള ഏതെങ്കിലും നന്മയുടെ തെളിവായിരിക്കും. ഒരാളിൽ എന്തെല്ലാം വൈകല്യങ്ങളും തിന്മകളും ഉണ്ടായാലും അയാളോടു അടുത്തു പെരുമാറുന്നവർ അയാളെ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ അതിന്നൊരു കാരണമുണ്ടായിരിക്കും; ഒരുപക്ഷെ ആ കാരണം അങ്ങനെ ഇഷ്ടപ്പെടുന്നവർക്കുകൂടി എന്താണെന്നു അറിഞ്ഞുകൂടെന്നുവരാം. അയാളുടെ പെരുമാററം മററുള്ളവർക്കു സന്തോഷം കൊടുക്കുന്നു; എന്തുകൊണ്ടെന്നാൽ മററുള്ളവരുടെ സഹവാസത്തിൽ അയാളും സന്തോഷം അനുഭവിക്കുന്നു. അതായതു, ജാത്യാ അയാളുടെ മനസ്സിൻെറ ചായ്‌വ് ഒരാളെ ഇഷ്ടപ്പെടാതിരിക്കുന്നതിലും അധികം ഇഷ്ടപ്പെടുന്നതിന്നാണ്. അങ്ങനെയുള്ളവന്നു മുമ്പെങ്ങും പരിചയപ്പെടാൻ ഇടവന്നിട്ടില്ലാത്തവരെ കണ്ടുമുട്ടുന്നതുതന്നെ ആനന്ദപ്രദമാണ്. ആ അപരിചിതന്മാർ പെരുമാറുവാൻ നല്ലവരായിരിക്കുമെന്നു അയാൾ പ്രതീക്ഷിക്കുന്നതോടൊപ്പംതന്നെ അയാൾ സഹവാസത്തിന്നു പററിയവനായിത്തീരുന്നു. താൻ സംസാരിക്കുന്നതു ഏതു തരത്തിൽപ്പെട്ടവനോടാണെന്നറിവാൻ കാത്തുനില്ക്കാതെതന്നെ അയാൾ ഹൃദയം തുറന്നു സംസാരിക്കുന്നു; ചിലപ്പോൾ പ്രതിഭാഷി ഒരു മുഷിപ്പനാണെന്നു അനുഭവപ്പെ

* On Popularity എന്ന തലക്കെട്ടിൽ Arthur Clutton-Brock എഴുതിയ പ്രബന്ധത്തിൻെറ ഏകദേശവിവൎത്തനം.

ട്ടേക്കാം; ആളുകളോടു ഇടപഴകുന്ന കാര്യത്തിൽ അങ്ങനെ "രണ്ടും കല്പിക്കുന്ന" മട്ടുകാരനായിരിക്കും ആയാൾ. സാമാന്യമായി മനുഷ്യസ്വഭാവം നല്ലതാണെന്നാണ് അയാളുടെ വെപ്പ്. മനുഷ്യസ്വഭാവത്തേയും പ്രത്യേകിച്ച് നമ്മെപ്പററിയും ആശാഭരിതമായി നോക്കുന്നവരെ നാം തദ്വിപരീതമായി നോക്കുന്നവരേക്കാൾ അധികം ഇഷ്ടപ്പെടുന്നു; സ്വകീയമായ ചൈതന്യം നമ്മിൽ പകൎന്നു നമ്മേയും അവരുടെ സന്തോഷത്തിൽ പങ്കാളികളാക്കുകയാണ് അവർ ചെയ്യുന്നത്.

കണ്ട ഉടനെ ഇഷ്ടപ്പെടാനുള്ള ജന്മസിദ്ധമായ കഴിവു ഒരു വലിയ ഗുണമായി കണക്കാക്കിക്കൂടാ എന്നു വിചാരിക്കുന്നവരുണ്ടാകാം; എന്നാൽ അതു ഒരു ഗുണമാണെന്നതിന്നു സംശയമില്ല; എന്തുകൊണ്ടെന്നാൽ അതു നമ്മെ സന്തുഷ്ടരാക്കിത്തീൎക്കുന്നു. ഇഷ്ടപ്പെടാനുള്ള ഗുണമേതാണെന്നു അന്വേഷിക്കാതെ ഒരാളെ ഇഷ്ടപ്പെടുന്നതാണ് അയാളോടു അകാരണമായി അനിഷ്ടം കാണിക്കുന്നതിനേക്കാൾ ഭേദം; ഒരാളെ സന്തോഷഭരിതനാക്കുകയാണല്ലൊ അയാളെ സങ്കടപ്പെടുത്തുന്നതിനേക്കാൾ ഭേദം. സമീപസ്ഥജനസമ്മതൻ "വലുപ്പം പറയു"ന്നവനാകാമെങ്കിലും ഒരിക്കലും സ്വാൎത്ഥിയാകയില്ല; തന്റെ സ്വന്തം സുഖാസുഖങ്ങളെ അന്വേഷിക്കുന്ന

For Laboratory Equipments
CONSULT

MARGAN & Co.
Manufacturers and Suppliers of
Scientific Apparatus, Surgical Instruments
and Laboratory Chemicals.
1/9 Francis Joseph Street,
G. T. MADRAS.

തിലും ഔത്സുക്യം അയാൾക്കു അന്യരുടേതിലായിരിക്കും. ജനങ്ങളോടു നല്ല നിലയിൽ പെരുമാറുന്നതു ഒരു കലയായി സ്വീകരിച്ച ആ കലാപ്രവൎത്തനത്തിലുള്ള വിജയത്തിൽ അയാൾ സന്തോഷിക്കുന്നുണ്ടാകാം; എന്നാൽ അതിൽ സന്തോഷിക്കുന്നതിൽ അൎഹവുമുണ്ട്; അയാൾ ഒരു സുഖാന്വേഷിയാകാമെങ്കിലും മററുള്ളവൎക്കും ആനന്ദം കൊടുക്കുന്നവനാണ്. മറെറാരാൾക്കു ഗുണം ചെയ്വാൻ അയാൾ കച്ചകെട്ടി പുറപ്പെട്ടില്ലെന്നുവരാം. എന്നാൽ ഒന്നു തീൎച്ചയാണ്; വല്ലതും ചെയ്യുയാണെങ്കിൽ അന്യനു എന്തെങ്കിലും ഗുണമേ അയാൾ ചെയ്യുകയുള്ളു; അത്രയും ദോഷം ചെയ്കയില്ല. അയാളുടെ സ്നേഹം ആഴമുള്ളതല്ലെങ്കിൽ വൈപുല്യമുള്ളതാണ്. ഒരാളുടെ കാൎയ്യത്തിൽത്തന്നെ വളരെ ഉള്ളുറച്ചു പരിശ്രമിക്കാൻ സാധിക്കാതിരിക്കത്തക്കവിധത്തിൽ അത്രയധികം സ്നേഹിതന്മാരുണ്ടു തനിക്കെന്നു അയാൾ പറഞ്ഞേക്കും. തനിക്കു ചെയ്വാൻ കഴിയുന്നതിലും അധികം അയാൾ വാഗ്ദാനം ചെയ്യുന്നുവെന്നു അയാളെ കുററപ്പെടുത്തുകയാണെങ്കിൽ അയാളോടു അനീതിയാണ് നാം കാണിക്കുന്നതു. ആ അനീതിയിൽ നമ്മുടെ സ്വാൎത്ഥപ്രതിപത്തിയും അടങ്ങിയിരിക്കുന്നുണ്ട്. പെരുമാററത്തിൽ നമ്മോടു അനുഭാവം കാണിക്കുന്നുണ്ടെന്നുവെച്ച്

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ



കേരള മാച്ച് ഫാക്ടറി, പൊന്നാനി, S മലബാർ.

നാം ഇല്ലാത്തപ്പോഴും നമ്മെപ്പററി അയാൾ ചിന്തിച്ചിരിക്കണമെന്നു ആഗ്രഹിപ്പാൻ നമുക്കു അവകാശമില്ല, അനുഭാവംകൊണ്ടു അയാൾ തീൎച്ചയായും തന്നിലുള്ള എന്തോ ഒന്നു നമുക്ക് തരുന്നുണ്ട്; ആ എന്തോ ഒന്നിനു നാം അയാളോടു നന്ദിയുള്ളവരായിരിക്കണം. യാതൊരുവരുടെ സംസൎഗ്ഗത്തിലെല്ലാം അയാൾ ആനന്ദമടയുന്നുണ്ടോ അവരുടെയെല്ലാം സന്തോഷസന്താപങ്ങളിൽ ഭാഗഭാക്കാവുകയെന്നതു അയാൾക്കു സാദ്ധ്യമല്ല; എന്തിനാണ് മററുള്ളവരെ അപേക്ഷിച്ചു നമ്മോടു അയാൾ പ്രത്യേകത കാണിക്കുന്നതു് ? ആത്മാൎത്ഥതയില്ലാത്ത "പഠിച്ച കള്ളനാണ്" അയാൾ എന്നു പറയുന്നതു ഭംഗിയല്ല; എന്തുകൊണ്ടെന്നാൽ നാം പിരിഞ്ഞ ഉടനെ നമ്മെ അയാൾ മറക്കുന്നുണ്ടെങ്കിൽ അതു മറെറാരാളുടെ സാന്നിദ്ധ്യത്തിൽ സജീവമായി സമയം ചിലവഴിക്കാനാണ്. നമ്മുടെ സഹവാസത്തിൽ അയാൾ യഥാൎത്ഥമായി ആനന്ദം അനുഭവിക്കുന്നുണ്ട്; ഭാവിയിൽ നമ്മിൽനിന്നു എന്തെങ്കിലും നേടണമെന്ന ഉന്നംവെച്ചല്ല നമ്മോടു അയാൾ സ്നേഹപൂൎവ്വം പെരുമാറുന്നതു; അങ്ങിനെയായിരുന്നുവെങ്കിൽ നാം അയാളുടെ സംസൎഗ്ഗത്തിൽ ആനന്ദം അനുഭവിക്കുമായിരുന്നില്ല. എന്നാൽ യഥാൎത്ഥത്തിൽ അയാളുടെ സാന്നിദ്ധ്യത്തിൽ നാം

New

Taj Mahal Hotel

CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാൎക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാൎട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തെയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടണത്തിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നതു്.

സന്തോഷഭരിതരാകുന്നു; അതിന്നു നാം അയാളോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണു്.

സമീപസ്ഥമായ ജനസമ്മതം ഉണ്ടാകാനുള്ള ഉത്തമ മാർഗ്ഗം മറ്റൊരാളെ കുററം പറയാതിരിക്കുന്നതാണ്. "നിങ്ങളെ വിധിക്കാതിരിപ്പാനായി നിങ്ങളും അന്യരെ വിധിക്കാതിരിപ്പിൻ" എന്നത് ഈശ്വരാജ്ഞയായിട്ടാണ് സാമാന്യമായി കണക്കാക്കിവരാറ്; എന്നാൽ വാസ്തവത്തിൽ അതു നമുക്ക് അനുദിനം അനുഭവപ്പെടുന്ന ഒരു പരമാർത്ഥംമാത്രമാകുന്നു. ഒരാളോട് ഏററവും അനിഷ്ടംതോന്നുക അയാൾ നമ്മെയും മററുള്ളവരേയും എപ്പോഴും വിധിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നും അയാൾ ജാത്യാതന്നെ വിധിക്കുന്ന സ്വഭാവത്തോടുകൂടിയവനാണെന്നും നാമറിയുമ്പോഴാണ്. വിധിക്കുന്ന സ്വഭാവക്കാരെ ലോകം ബഹുമാനിച്ചുവെന്നു വരാം; എന്നാൽ അതേസമയത്തുതന്നെ അവരോടു ഇഷ്ടക്കേടും തോന്നും; ആ ഇഷ്ടക്കേട് ഹൃദയത്തിൽനിന്നു പുറപ്പെടുന്നതാകും; ബഹുമാനം കാര്യകാരണസഹിതം ചിന്തിക്കുന്നതിൻെറ ഫലമാകും; വിധിക്കുന്നവനെ തരംകിട്ടിയാൽ കഴിയുന്നത്ര കർക്കശമായി അങ്ങോട്ടും വിധിക്കാൻ നാം നോക്കും. അവനിലുള്ള കുററവും കുറവും കണ്ടുപിടിക്കാൻ നാം ഔൽസുക്യത്തോടെ പരിശ്രമിക്കുകയും കണ്ടുപിടിച്ചുകഴിഞ്ഞാൽ അതിന്മേലേക്കു എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കുകയും അതു ഒരു ശാസ്ത്രീയമായ കണ്ടുപിടുത്തംപോലെ ഗണിക്കുകയും ചെയ്യും. അതു ഒരു കണ്ടുപിടുത്തം തന്നെയാണ്; എന്തുകൊണ്ടെന്നാൽ, മനസ്സില്ലാമനസ്സോടെയാണ് നാം അയാളെ അഭിനന്ദിച്ചിരുന്നതു; ആ ആവശ്യകതയിൽ നിന്നു നാം വിമുക്തരായല്ലോ. വിധിക്കുക എന്നതു ഇരുകൂട്ടർക്കും പ്രയോഗിക്കാവുന്ന ആയുധമാണ്. ന്യായാധിപൻെറ ഔദ്യോഗികമായ അങ്കികളണിഞ്ഞു ലോകത്തെ മുഴുവൻ വിധിപ്പാൻ ഒരുങ്ങിപ്പുറപ്പെട്ടിരിക്കയാണോ എന്നു തോന്നുമാറ് ലോകത്തെ വിധിച്ചു ഭയപ്പെടുത്തുന്ന സ്വഭാവത്തോടു കൂടിയ ഒരാളെ തരംകിട്ടിയാൽ പൊതുജനങ്ങൾ സർവ്വസമ്മതമായി ന്യായാസനത്തിൽനിന്നു വലിച്ചു കീഴോട്ടിറക്കും. ആംഗലസാഹിത്യത്തിൽ കാർലൈലിന്നു ഇങ്ങനെയാണ് പററിയത്. ജീവിച്ചിരിക്കുമ്പോൾ അദ്ദേഹം എല്ലാവരേയും എല്ലായ്പോഴും വിധിച്ചു ലോകത്തെ ഭയപ്പെടുത്തിയിരുന്നു. ഇപ്പോഴോ? ഒരു വ്യക്തിയുടേയും സാഹിത്യകാരൻെറയും നിലയിൽ അർഹിക്കുന്നതിലും കഠിനമായി അദ്ദേഹം വിധിക്കപ്പെടുന്നു. എന്നാൽ കാർലൈലിൻെറ കഠിന ശകാരമേററ ചാറൽസ് ലാമ്പൊ അദ്ദേഹം അർഹിക്കുന്നതിലും അധികം അഭിനന്ദനത്തിന്ന് പാത്രമായിത്തീരുന്നു; കാരണം മറെറാന്നുമല്ല, അദ്ദേഹം മററുള്ളവരുടെ സഹവാസത്തിൽ ആനന്ദം അനുഭവിക്കയല്ലാതെ ആരേയും വിധിക്കുവാൻ പോയിട്ടില്ല. കാർലൈൽ വീരത്വത്തിൻെറ മാനദണ്ഡം വെച്ചു മനുഷ്യരെ അളന്നു; ലാമ്പോ ജീവിതത്തിൽ പ്രത്യേകതകൊണ്ട് സ്വയം വീരനായി ഭവിച്ചു. ഏതൻസിലെ പ്രസിദ്ധ ന്യായാധി

പനായ അരിസ്റ്റൈഡസ് (Aristides; 5th century B. C.) നു 'നീതിമാൻ' എന്ന സ്ഥാനപ്പേർ കിട്ടിയിരുന്നു; അദ്ദേഹം എന്തോ സംഗതിവശാൽ നാടുകടത്താൻ വിധിക്കപ്പെട്ടു. ഇതുകേട്ടു ഒരു പാവപ്പെട്ട കൃഷീവലൻപറഞ്ഞു "പോകട്ടെ അവൻ; ഞാൻ ആശിക്കുമയോടു അനുകൂലിക്കുന്നു. 'നീതിമാൻ' എന്നു അവനെ വിളിച്ചുകേട്ടു എൻെറ ചെവി തഴമ്പിച്ചു കഴിഞ്ഞു" അതുകൊണ്ടു മനസ്സിലാക്കേണ്ടത് മറെറാന്നുമല്ല. നാം മറെറാരാളിൽനിന്നു ആശിക്കുന്നതു നീതിയല്ല— അതെന്താണെന്നു അക്കറിയാം —ഇഷ്ടമാണ്. വിധിക്കാൻ മനസ്സുതോന്നാതിരിക്കത്തവണ്ണം നമ്മുടെ സഹവാസത്തിൽ സന്തോഷം അനുഭവിക്കുന്നവക്കു നാം മടക്കിക്കൊടുക്കുന്നതും ഇഷ്ടമാണ്, നീതിയല്ല. നാം അവരേയും വിമർശിക്കുമായിരിക്കാം. എന്നാൽ ആ വിമർശനം തൊലിപ്പുറത്തുള്ളതാണ്; നമ്മിലുള്ള ദോഷങ്ങൾ കണ്ടുപിടിക്കാൻ അവർ ആഗ്രഹിക്കുന്നില്ലെന്നു നാം അറിയുന്നതുകൊണ്ട് അവരിലുള്ള ദോഷം കണ്ടുപിടിപ്പാൻ നാമും ആഗ്രഹിക്കുന്നില്ല; വിധിക്കപ്പെടുന്ന വായുമണ്ഡലത്തിൽ നിന്നു വിദൂരസ്ഥിതമായി അവരുടെ സാന്നിദ്ധ്യത്തിൽ നാം ഒഴിവും ആശ്വാസവും കാണുന്നു; അതുകൊണ്ടുതന്നെയാണ് അവരുടെ സഹവാസം നമ്മെ ആനന്ദഭരിതരാക്കുന്നതു. അവർ ക്രിസ്ത്യാനികളല്ലായിരിക്കാം; എന്നാൽ പ്രകൃതിവിരുദ്ധമമയോ ക്രൈസ്തവതത്വങ്ങൾക്കെതിരായോ പറകയോ പ്രവത്തിക്കയോ ചെയ്യുയില്ല. സഹോദരസ്നേഹവിഷയകമായി സെൻറ പോളിൻെറ (St. Paul on Charity) ആദർശശൃംഗത്തിൽ അവർ എത്തിയിട്ടില്ലായിരിക്കാം; എന്നാൽ നല്ല പെരുമാററത്തിന്നു അവക്കു ജന്മനാ വാസനയുണ്ടെന്നു പറയാതെ തരമില്ല.

(തുടരും)

മദനൻ അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓമ്മശക്തി ഇല്ലാഴ്മ, ഉറക്കക്കുറവ്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 16 വയസ്സിനുമേലുള്ള സ്ത്രീപുരുഷന്മാക്കു ഉപയോഗിക്കാം. വിശേഷപഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് 2ക. മാത്രം.

സ്വാമി രാമാനന്ദൻസ് സിദ്ധവൈദ്യാശ്രമം

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം **H. O. Trichur.**

നബിയുടെ വസ്ത്രം

ഇക്കഴിഞ്ഞ നബിദിനാഘോഷം സംബന്ധിച്ച് പല്ലാവരത്തെ ഫിറോസ് ഹുസൈനി കുന്നുകളിൽ എത്തിച്ചേർന്ന ഒരു ലക്ഷത്തോളം മുസ്ലിമീങ്ങളുടെ വമ്പിച്ച ഒരു സമ്മേളനത്തിൽവെച്ച് റസൂൽ തിരുമേനിയുടെ വിശുദ്ധവസ്ത്രം (ജുബ്ബ മുബാറക്ക്) പ്രദർശിപ്പിക്കപ്പെട്ടു.

ഈ പരിശുദ്ധ വസനം ഒരു പെട്ടിയിൽ വെച്ചു പൂട്ടി പള്ളിയിൽ ഭദ്രമായി നിക്ഷേപിച്ചിരിക്കയാണ്. കൊല്ലംതോറും നബിദിനത്തിൻനാൾ അതു പുറത്തെടുത്തു ജനങ്ങൾക്കൊരു നോക്കു കാണ്മാൻ വേണ്ടി, പ്രത്യേകമായലങ്കരിക്കപ്പെട്ട ഒരു സ്ഥലത്തു വെക്കും. പാണ്ഡുരവർണ്ണമായ പ്രസ്തുത വസ്ത്രം രോമംകൊണ്ടുണ്ടാക്കിയതാണ്. അതിന്മേൽ അറബി പദ്യങ്ങൾ സുവർണ്ണ ലിപികളിൽ എഴുതപ്പെട്ടിരിക്കുന്നു. റസൂൽ തിരുമേനിധരിച്ച രണ്ടു വസ്ത്രങ്ങൾ ഇപ്പോൾ ഉള്ളവയിൽ ഒന്നുമാത്രമാണിതു്. ഇതു പുതിയതുപോലെ നന്നായി സൂക്ഷിച്ചുവരുന്നു. മറേറതു മദീനയിലാണുള്ളതു്.

പരിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ പാരായണം ചെയ്തുകൊണ്ടാണ് വസ്ത്രങ്ങൾ പുറത്തെടുക്കുക പതിവു്. ഇക്കൊല്ലം പ്രസ്തുത കർമ്മം നിർവ്വഹിച്ചതു് സെയ്യിദ് ഷാ മുഹമ്മദ് ഹുസൈൻ, മുഹമ്മദ് ഖാസിം ആലിസാഹെബ് എന്നിവരായിരുന്നു.

ഈ വസ്ത്രം ആദ്യം തിമൂർ രാജാവിന്റെ അധീനത്തിലായിരുന്നു. അദ്ദേഹമാണ് മദീനയിൽനിന്നു ദൽഹിയിലേക്കു ഇതു കൊണ്ടുവന്നതു്. അതിന്മേൽ അറബി പദ്യങ്ങൾ എഴുതിയതും അദ്ദേഹം തന്നെ. പിന്നീടു അവസാനത്തെ കർണ്ണാട്ടിക്ക് നവാബായ ഗുലാംഘൗസ് ഖാൻ സാഹിബിന്റെ പത്നി ഖൈറുന്നിസാബീഗം അതു വിലയ്ക്കുവാങ്ങി മദ്രാസ്സിലേയ്ക്കു കൊണ്ടുവന്നു. ശാന്തമായ ഒരിടത്തു അതു സൂക്ഷിക്കേണമെന്ന ആ മഹതിയുടെ ആഗ്രഹമനുസരിച്ചു, അവരുടെ ഏജന്റായ ഫിറോസ് ഹുസൈനി സാഹെബ് പ്രസ്തുത കുന്നിൻ മുകളിൽ സ്ഥലം വാങ്ങി ചെറിയൊരു പള്ളി പണിയിക്കയും അതിൽ വസ്ത്രം നിക്ഷേപിക്കുകയും ചെയ്തു. ഫിറോസ് ഹുസൈനി സാഹിബിന്റെ കാലശേഷം പള്ളി പരിപാലിക്കുന്നതും വസ്ത്രം സൂക്ഷിക്കുന്നതും മുഹമ്മത് ഖാസിം ആലിസാഹിബ്, ഹയാത്തുന്നിസാബീഗംസാഹിബാ എന്നീ രണ്ടു ട്രസ്റ്റിമാരാണ്. പല്ലാവരം സ്റ്റേഷനിൽനിന്നു പള്ളി സ്ഥിതിചെയ്യുന്നിടത്തേയ്ക്കു രണ്ടുനാഴിക ദൂരമുണ്ടു്.

ഇക്കൊല്ലത്തെ ആഘോഷം എത്രയും വിജയകരമായാണ് നിർവ്വഹിക്കപ്പെട്ടതു്. അഗതികൾക്കു അന്നദാനവും ശീതളപാനീയ സൽക്കാരവും ഉണ്ടായിരുന്നു. നൈസാം തിരുമനസ്സിലെ ഖജാനയിൽനിന്നാണ് ഇതിന്റെ ചെലവു് നിർവ്വഹിച്ചതു്. ദൂരദേശങ്ങളിൽനിന്നു വരുന്നവരുടെ സൌകര്യാർത്ഥം പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

ആശയോട്

ഇടവാ ജമാൽ ബി. എ. (ആണേഴ്സ്)

സരളേ! നീ മമ വ്രണിത മാനസ-
തരുവിൽ വീശിയ തളിരല്ലീ?......
കരുണ തിങ്ങും നിൻ കവിളിണകളിൽ
കലരാതാകട്ടെ കപടത;
പുലരി നാണിക്കും മുഗ്ദ്ധഹാസങ്ങളിൽ
പകരാതാകട്ടെ പരുഷത;
ഉലകമെന്തെല്ലാം പഴിപറകിലു-
മതുവിധം തന്നെ കഴിയണം!......
വിജയസൌധത്തിന്മകുട, മല്ലെങ്കി-
ലപജയത്തിന്റെ യടിയററം,
ഇവയിലൊന്നു കണ്ടിട്ടുവാൻ വെച്ചിട്ടു-
മിവനു നൽകു നിന്നനുവാദം!
* * * *
വഴിയരികിലെക്കറുക ക്കുടിയും
കുസുമപ്പുഞ്ചിരി ചൊരിയുന്നു;
മുകുളിതമാമെന്നഭിലാഷം മാത്രം
വികലമായ്ത്തന്നെ മരുവുന്നു!
മകരന്ദം പൂങ്കാവനികയിലെങ്ങും
മലർതതി പെയ്യും മധുമാസം—
പരിമളമെങ്ങുമതിമൃദുഭാമേന്മേൽ
പവമാനൻ വീശും മധുമാസം—
വെയിലിൽവാട്ടുമെൻ തൊടിയെച്ചുംബിപ്പാ-
നൊരുനാളെത്തുമോ പുരുമോദം?
* * * *
ഇരുളിൽ കുമ്പുന്ന മുകുളങ്ങൾ പൊന്നിൻ
പുലരിയെത്തുമ്പോൾ വിരിയണം;
വിരിയും ചെമ്പനീർ മലരിതളുകൾ
പുലരിയെത്തുമ്പോൾ കൊഴിയണം!
"വികസിതമായാലടിയണം മണ്ണിൽ"
ഭൂലോകത്തിൻ വിധിയിതു തന്നെ!
കരളിലാകണ്ഠമൊഴുകും തേനിന്റെ
മധുരം ലോകത്തിനറിയിപ്പാൻ,
അവികലാമോദമായ് വിലസണം സൂനം;
മുകുളമായ് നിന്നാൽ ശരിയല്ല.
പൊഴിയട്ടേ പിറേറ, നതുതന്നെയൊരു
പരമഭാഗ്യമായ് കരുതീടാം.
....
ഒരുനാളോമനേ! യുലകിൽ നീയൊരു
പുളകമായ് പൊട്ടി വിടരുമോ?......

സുബൈദ

(റജിസ്റ്റേർഡ് ട്രേഡ്മാർക്ക്)

നവീന രീതിയിലുള്ള തുണി സാമാനങ്ങൾ, സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി തയ്യാറാക്കപ്പെട്ട പരിഷ്കൃതരീതിയിലുള്ള ഉടുപ്പുകൾ, എപ്പോഴും തയ്യാർ. വിലയും സഹായം.

തയ്യൽക്കാരനെ തിരഞ്ഞലയേണ്ട.

മിതമായ ചാർജ്ജിന്നു പൊതുജനങ്ങൾക്ക് വേണ്ട എല്ലാതരം ഡ്രസ്സുകളും ഓഡർപ്രകാരം ചെയ്തുകൊടുക്കുന്നതിന്നു തയ്യൽ ശാല പ്രത്യേകം.

Branch :
Avanasi Road,
Coimbatore.

ZUBEIDA FANCY STORES
Opposite to Law College
G. T. MADRAS.

രണ്ടു ചിത്രങ്ങൾ

ആശയും അത്യാശയും

പി എം. കുമാരൻ നായര്, അരീക്കോട്.

വിജയത്തിന്നായി പരിശ്രമിക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളും. പരിശ്രമിക്കു ലഭിക്കാത്ത സ്ഥാനമില്ല. കൈവരാത്ത വിജയമില്ല. അകററുവാനാവാത്ത പ്രതിബന്ധമില്ല.

പരിശ്രമം ആശയുടെ സന്താനമാണ്. താപത്താൽ വിവശമായ ജീവിതത്തിന്ന് നീരും വളവുമേകുന്നതു് ആശയുടെ വിലോല പാണികളാണ്. ആശയില്ലെങ്കിൽ ഭാവി. തമോമയം. സുഖം വെറും മരു മരീചിക. ആശിക്കുക. പരിശ്രമിക്കുക. അതാവണം സമുദായത്തിൻെറ ജീവിതോദ്ദേശം.

പ്രതികൂലശക്തിയോട് മല്ലിടുവാൻ ആശക്കേ കഴിയൂ. പരിശ്രമം—ആശയുടെ അരുമപ്പൈതൽ—കേവലം ഒരു നീഗ്രോവിനെ, വാഷിങ്ങ്ടനെ, ഐക്യനാടുകളിലെ പ്രസിഡെണ്ടാക്കി. പേരും പ്രശസ്തിയുമില്ലാതിരുന്ന ചെരുപ്പുകുത്തിയെ, ലോയിഡ് ജോർജ്ജിനെ, ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ സചിവോത്തമനാക്കി. കടലാസ്സ് വിററു ഉപജീവനം കഴിച്ചു ഒരു തെണ്ടിച്ചെക്കനെ, ഹിററ്ലറെ, ജമ്മനിയിലെ സവ്വാധിപതിയാക്കി. ആശയുടെ മഹനീയ ശക്തി മഹാ കേമം!

അണിമാദ്യൈശ്വൎയ്യസിദ്ധികൾ പരിശ്രമിയുടെ ചരണതാരിണയിൽ അടിവണങ്ങുന്നു. 'പ്രഭോ! അടിയങ്ങൾ അവിടുത്തെ ദാസന്മാർ. അങ്ങയുടെ അഭീഷ്ടദായികൾ. കല്പിക്കാം എന്തുവേണമെന്ന്.' എന്നുണൎത്തിക്കുന്നു. പഞ്ചഭൂതങ്ങൾ—എന്തിന്? പ്രകൃതിമോഹനിതന്നെ—പരിശ്രമിയുടെ പടിപ്പുരയിൽ വിളിയും കാത്തു് സന്നദ്ധയായി കൂപ്പുകൈയോടെ നിലകൊള്ളുന്നു.

കണ്ണും കരളും ഒത്തൊരുമിച്ചു വൎത്തിക്കുന്നവനാണ് പരിശ്രമി. പരിശ്രമിക്ക് നിരാശയെന്തെന്നറിയില്ല. ഉന്നതിയെ സദാ സ്വപ്നംകണ്ടുകൊണ്ടാണ് അവൻ ജീവിക്കുന്നതു്. അപജയത്തെ വിജയത്തിൻെറ സോപാനമായി അവൻ കാണുന്നു. പരിശ്രമിക്കു മദവുമില്ല മാത്സൎയ്യവും അസൂയയും കന്മഷവുമില്ല. പ്രകൃതി മനുഷ്യനോടു ഒത്തിണങ്ങുന്നതു്—നൎമ്മസല്ലാപം ചെയ്യുന്നതു്—പരിശ്രമിയുടെ വസതിയിൽ വെച്ചുമാത്രം.

സൂക്ഷിക്കണം. അമിതമായാൽ അമൃതും വിഷം. കൂലം കവിഞ്ഞാൽ നദി പാൎശ്വസ്ഥലികൾക്കുതന്നെ ആപത്തു വരുത്തുന്നു. ഇരു തലയും മൂൎച്ചയുള്ള നിശിതാ

സിയാണ് ആശ. പാട്ടത്തെററിയാൽ, കൈകാര്യം ചെയ്യുന്നവരെത്തന്നെ അതു മറിയേല്പിക്കും. മരണത്തിന്നിട വരുത്തിയേക്കും.

അത്യാഗ്രഹിക്കു സംതൃപ്തി നേടാൻ അസാദ്ധ്യം. മലവിഴുങ്ങുന്ന പെരുമ്പാമ്പത്രേ അത്യാശ. അത്യാശയുടെ തണലിൽ—അതിന്നു കുളുർമ്മ തന്നെ കുറയും.—കന്മഷം കിടന്നുയവിറക്കുന്നു. അസൂയ 'മാക്രി'യാടുന്നു. അഹംകാരം ഫണം വിരുത്തുന്നു. ഭയാനകമായ ഫൂൽക്കാരം ചെയ്യുന്നു.

ആശ പറയുന്നു 'കയ്യിലുള്ളതിനെ വിട്ടു പറക്കുന്നതിനെ പിടിയ്ക്കൊല്ലേ' ന്ന്. അത്യാശയുടെ വിചാരമോ? 'ലോകംതന്നെ എൻെറ വരുതിയിലാണെങ്കിൽ' എന്ന്. എന്തിന്ന്? ഉള്ളതും പോയി പൊള്ളക്കയ്യനാവാൻ. അത്യാശയുടെ പിടിയിൽ മുസ്സോളിനി ഒരു പെകുത്താനായി. ഹിററ്ലർ ഭയങ്കര രാക്ഷസനായി. ജനറൽ ടോജോ നിണക്കൊതിയനായി.

ആശയും അത്യാശയും മനോരാജ്യത്തിൽ കൈകാര്യം നടത്തുന്ന ജ്യേഷ്ഠാനുജന്മാരാണ്. ആശയ്ക്കു ഉൾക്കണ്ണുകൊണ്ട് നാട്ടിനിളെ കാണാം, അത്യാശയ്ക്കു തുവയ്യ. അതിൻെറ കൂടപ്പിറപ്പാണ് കാഴ്ചയില്ലായ്മ.

തളന്ന പാമ്പിന്ന് ആശ വിവേകമോതുമ്പോൾ അത്യാശചെയ്യുന്നതെന്താണ്? തലയിൽ അവിവേകവാന്നി കോരിച്ചൊരിഞ്ഞു ഉപദ്രവിക്കുക. കോപമന്ത്രം ചൊല്ലി കലിബാധയേല്പിക്കുക. കഷ്ടം!

ലോകാരംഭം മുതൽ ജനാവലിയെ വശീകരിപ്പാൻ ശ്രമിക്കുന്നവരാണ് രണ്ടുപേരും. ആശയുടെ കൂട്ടുകാരന്നു സുഖം. അത്യാശയുടെ പങ്കാളിക്കു ദുഃഖം. മാനവസമുദായം അല്പമൊന്നു ശ്രദ്ധിച്ചാൽ മതി, ആശയോടടുക്കാനും അത്യാശയോടകലാനും.

സശ്രദ്ധം വായിച്ചറിയുക! FREE!! 2000 ബുക്കുകൾ ഇനാം!!

നിങ്ങളുടെ ശാരീരികവും മാനസികവും ധാതുസംബന്ധവുമായ
എല്ലാവിധ രോഗങ്ങൾക്കും ക്ഷീണങ്ങൾക്കും

സുഖാനന്ദകല്പം രസായനം

പഞ്ചാബ് സാലാമിസ്രി, അഷ്ടവർഗ്ഗം മുതലായവ ചേർത്തുണ്ടാക്കിയത്.
ഉപയോഗിച്ചു പരിപൂർണ്ണ സുഖവും പരമാനന്ദവും അനുഭവിപ്പിൻ.
21 ദിവസത്തേക്കുള്ള ഡപ്പിക്ക് 1ക. 8ണ. അഞ്ചൽ—തപാൽക്കൂലി 8ണ.
അധികവിവരങ്ങൾക്കു സുഖാനന്ദകല്പം പുസ്തകം വായിക്കുക. എല്ലാവർക്കും വെറുതെ കൊടുക്കുന്നതാണ്. V. P. ആയി ആവശ്യപ്പെടുക.

മാനേജർ, ദിവ്യൌഷധശാല, മണലൂർ Via തൃശ്ശൂർ C. S,

കേരള

'വാഷ്‌വെൽ' സോപ്പ്

ഉപയോഗിച്ചു ലാഭിക്കുക

വാഷ്‌വെൽ ഉപയോഗിച്ചു എങ്ങിനെ ലാഭിക്കാം:—

അല്പം സോപ്പിന്നു അധികം പതയുണ്ടാകുന്നതിനാൽ സോപ്പ് ചിലവ് ചുരുക്കം—**സോപ്പ് ലാഭം.**

അതിൻെറ പതയിൽ തിരുമ്പിയാൽ തുണി അധികം ഈടുനില്ക്കുന്നു **വസ്ത്രം ആദായകരം.**

വാഷ്‌വെല്ലിൻെറ പതയിൽ വസ്ത്രം വേഗത്തിൽ വെളുക്കുന്നു:— **സമയം ലാഭം.**

ഈ പത അഴുക്കിനെ നിഷ്പ്രയാസം അകററുന്നു— **അങ്ങിനെ അദ്ധ്വാനം ലാഭം.**

മിതമായ വിലക്കു പരിശുദ്ധമായ ഒരു സോപ്പാണ് വാഷ്‌വെൽ **വിലയിൽ ആദായം.**

നിർമ്മാതാക്കൾ:—

കേരള സോപ്പ് ഇൻസ്ററിററ്യൂട്ട്,

കോഴിക്കോട്.

മുസ്ലിമീങ്ങളും വ്യവസായങ്ങളും

അലിഗർ സർവ്വകലാശാലാ മുസ്ലിംലീഗിൻെറ വമ്പിച്ച ഒരു യോഗം ഇക്കഴിഞ്ഞ മാർച്ച് 10-ാംനു- ചേർന്നതിൽ കായിദെ ആസം എം. എ. ജിന്ന ചെയ്ത പ്രസംഗത്തിൽ വ്യാവസായികവും വാണിജ്യപരവുമായ പാരമ്പര്യത്തിൽ നിഷ്കൃഷ്ടമായ ശ്രദ്ധ പതിപ്പിക്കുവാൻ വിദ്യാർത്ഥികളെ ഉപദേശിക്കുകയുണ്ടായി. വാണിജ്യത്തിൻെറ സാങ്കേതികവും ശാസ്ത്രീയവുമായ വശങ്ങളിലേക്ക് തങ്ങളുടെ ശ്രദ്ധ തിരിക്കുവാൻ അദ്ദേഹം മുസ്ലിം വർത്തകപ്രമാണികളോടഭ്യർത്ഥിച്ചു.

മി. ജിന്ന ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:—"അഖിലേന്ത്യാ മുസ്ലിം ലീഗെന്ന വമ്പിച്ച പ്രസ്ഥാനത്തിൻെറ ചെറിയ "ബച്ച"എന്ന നിലയിൽ നിങ്ങൾ ചെയ്ത പ്രവൃത്തികളെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അനുഭാവരഹിതമായ പെരുമാററം, ഭയം, അനാസ്ഥ മുതലായ വമ്പിച്ച പ്രതിബന്ധങ്ങൾക്കെതിരായിട്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നതെന്നെനിക്കറിയാം. വമ്പിച്ച പ്രതിബന്ധങ്ങളെ വമ്പിച്ചതോതിൽ ഞങ്ങൾക്കും ചുരുങ്ങിയതോതിൽ നിങ്ങൾക്കും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ നമ്മുടെ പരിശ്രമങ്ങളെ അടിച്ചമർത്താൻ വല്ലവർക്കും കഴിയുമെന്ന കാലം തിരോഭൂതമായിരിക്കുന്നുവെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. നിങ്ങൾ നിങ്ങളുടെ പരിശ്രമങ്ങളിൽക്കൂടി പുരോഗമിക്കുമ്പോൾ എതിർപ്പു കുറഞ്ഞുകുറഞ്ഞുവരും. ദൃഢനിശ്ചയത്താലും പരിശ്രമത്താലും നിങ്ങൾക്കു ഒടുവിൽ വിജയം കൈവരും.

ആരെയെങ്കിലും ദ്രോഹിക്കുകയോ ആരുടെയെങ്കിലും നേരെ അനീതി പ്രവർത്തിക്കുകയോ ആണ് നമ്മുടെ ഉദ്ദേശം എന്നു നിഷ്പക്ഷവാദിയായ ആർക്കുംതന്നെ പറയാവുന്നതല്ല. നമ്മുടെ ഉദ്ദേശം നീതിപൂർവ്വകമാണ്, നമ്മുടെ നില ന്യായമാണ്. ഈ രാജ്യത്തെ സ്വതന്ത്രമായും മാനമായും അധിജീവിക്കുകയും നമുക്കവകാശപ്പെട്ട രാജ്യംഭരിക്കുകയുമാണ് നമ്മുടെ ആവശ്യം. നമ്മുടെ ലക്ഷ്യത്തിലേക്കു നാം സമീപിച്ചുവരുന്നു. നമ്മുടെ ലക്ഷ്യം പ്രാപിക്കുക, നമ്മുടെ മാതൃഭൂമിയിൽ നമ്മുടെ സ്വതന്ത്രമായ ഭരണം ഏർപ്പെടുത്തുക—ഇതാണ് നമ്മുടെ പ്രഥമമായ ആവശ്യം. എന്നാൽ ഇതുകൊണ്ടു മാത്രമാകുന്നില്ല. ഉപരിസൂചിതമായവിധം ഭരണം ഏർപ്പെടുത്തിക്കഴിഞ്ഞാൽ അതിനെ വിജയപൂർവ്വം നിർവ്വഹിക്കേണ്ടതുണ്ട്. അതു എളുപ്പമായ ഒരു ജോലിയല്ല. മൂന്നാമതായി, നിങ്ങളുടെ ഭരണം നിങ്ങളിൽ തന്നെ അപഹരിക്കപ്പെടാതെ നിലനിർത്തേണ്ടതും നിങ്ങളുടെ കർത്തവ്യമാണ്. ആ ക്രാന്തദർശ്ശിയായ രാഷ്ട്രീയമീമാംസകൻ മി. രാജഗോപാലാചാരി പ്രസ്താവിച്ചതു

പോലെ, ഭരണം നടത്തുന്നതിലും എളുപ്പമാണ് ജയിലുകളിലേക്കു പോകുന്നത്. വ്യത്യസ്തതാല്പര്യങ്ങളെ കൂട്ടിയിണക്കി ശാന്തിയും സൌഹാർദ്ദവും കൈവരുത്തുവാൻ തക്കവണ്ണം ഭരണം നടത്തുന്നത്. എളുപ്പമൊന്നുമല്ല. അങ്ങിനെ, നമ്മുടെ ലക്ഷ്യം പ്രാപിക്കേണ്ടതിലേക്കാവശ്യമായ മുന്നൊരുക്കങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. യുവാക്കന്മാരായ നിങ്ങൾ ഒപ്പം ചേർന്നാലോചിച്ചു അവ എങ്ങിനെ നിർവ്വഹിക്കാമെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

വെറും ക്ലാർക്കു ജോലികളിൽനിന്നു നിങ്ങൾ നിങ്ങളുടെ ശ്രദ്ധതിരിക്കേണ്ടതാണ്. നിങ്ങൾ ബി. എ. ക്കാരൊ എം. എ. ക്കാരൊ ആകുന്നതിൽ എനിക്കു വൈരസ്യമൊന്നുമില്ല; പൊതുവായ വിദ്യാഭ്യാസവും പരിശീലനവും ഏറക്കുറെ അത്യാവശ്യം തന്നെയാണ്. എന്നാൽ വെറും ബി. എ., എം. എ. എന്നീ ബിരുദങ്ങൾ നിഷ്പ്രയോജനങ്ങളാണ്. ബുദ്ധിമുട്ടുകളുണ്ടെന്നെനിക്കറിയാം. നിങ്ങൾക്കു സ്വീകരിക്കാവുന്ന പദ്ധതികൾ വിരളമാണെന്നു എനിക്കറിയാം. എന്നാൽ

Use "CROWNBRAND TILES"

Managing Proprietor:—
P. K. NAIR.

REGD
TRADE MARK
Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot & Branch Office at Wolfendhol Street, Colombo

14" gauge



Perfect Model

Best quality "Crown" brand roofings and other tiles

Stron, light & non-porous.

Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—
The Malabar Tile Works,
FEROKE, S. Malabar

നിങ്ങൾ ബി. എ. ക്കൊ എം. എ. ക്കൊ പഠിക്കുമ്പോൾ നിങ്ങൾ ചുരുക്കെഴുത്തും ടൈപ്പ്റൈററിംഗും പഠിക്കേണ്ടതാണ്, അതു നിങ്ങൾക്കെളുപ്പം സാധിക്കും. ചുരുക്കെഴുത്തിലും ടൈപ്പ് റൈററിംഗിലും പരിചയം നേടിയ ഒരു ബി. എ. ക്കാരനൊ, എം. എ. ക്കാരനോ ഉള്ള കമ്പോളവില വെറുമൊരു ബി. എ. ക്കാരനൊ, എം. എ. ക്കാരനൊ ഉള്ളതിൻെറ ചുരുങ്ങിയത് മൂന്നിരട്ടിയാണ്. സാധാരണ വിദ്യാഭ്യാസത്തിനുപുറമെ ബാങ്കിംഗ്, ബുക്ക്കീപ്പിങ്ങ്, ടൈപ്പിംങ്ങ്, ചുരുക്കെഴുത്ത് എന്നിത്യാദി വിഷയങ്ങളും പഠിപ്പിക്കുന്ന ഒരു കമേർസ്യൽ സ്കൂൾ ഞങ്ങൾ ബോമ്പായിൽ സമാരംഭിച്ചിട്ടുണ്ട്. ഇതുവരെ വമ്പിച്ച വ്യവസായങ്ങളെല്ലാം ഹിന്ദുക്കളുടെയൊ യൂറോപ്യന്മാരുടെയൊ കരങ്ങളിലായിരുന്നു. എന്നാൽ ആധുനിക ശാസ്ത്രീയാടിസ്ഥാനത്തോടുകൂടിയ വാണിജ്യത്തിലും വ്യവസായങ്ങളിലും ഇറങ്ങുവാൻ മുസ്ലിംവർത്തകപ്രമാണിമാരുടെ ഇടയിൽ ഹൃദയപൂർവ്വമായ ഒരാവേശം അങ്കുരിച്ചിട്ടുള്ളതായി അടുത്തകാലത്തു എനിക്കു കാണുവാൻ സാധിച്ചിരിക്കുന്നു. അമ്പതു ലക്ഷം ഉറുപ്പിക മൂലധനത്തോടുകൂടിയ ഒരു മുസ്ലിംകമ്പനി ഏർപ്പെടുത്തുവാൻ ഭാവമുണ്ടല്ലൊ. അതിൻെറ പ്രധാന ഉദ്ദേശങ്ങളിലൊന്ന് വാണിജ്യത്തിൻെറ ശാസ്ത്രീയവും, സാങ്കേതികവുമായ വിഷയങ്ങളിൽ മുസ്ലിം യുവാക്കന്മാർക്കു പരിശീലനം നൽകുകയാണെന്നും കേൾക്കുകയുണ്ടായി. യുവാക്കന്മാർ ഈ സരണിയിലേക്കു ചിന്തതിരിച്ചുവിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു. മുസ്ലിം വ്യവസായപ്രമാണികളും ഈ വഴിയിൽക്കൂടി ചിന്തിക്കേണ്ടതാണ്. നിങ്ങൾ ഒപ്പംചേർന്നു പരിശീലനം നേടുക, നിങ്ങളുടെ ജോലിക്കുള്ള മാർഗ്ഗങ്ങൾ അവർ ശരിപ്പെടുത്തട്ടെ.

പ്രധാനമായ രാഷ്ട്രീയ പ്രശ്നങ്ങളെപ്പററിയേടത്തോളം സമരം നടത്തുവാനും നിങ്ങളുടെ താല്പര്യങ്ങളെ സുരക്ഷിതമായി കാത്തുരക്ഷിപ്പാനും അവിടെ മുസ്ലിം ലീഗു തയ്യാറാകുന്നുമുണ്ട്. മുസ്ലിംവിദ്യാർത്ഥിഫെഡറേഷൻെറ പതാകക്കു കീഴിൽ വ്യക്തമായ ഒരു പരിപാടിയോടുകൂടി മുസ്ലിംയുവാക്കൾ സംഘടിച്ചിരിക്കുന്നു. മഹനീയമായ പുരോഗതി ഇപ്പോൾതന്നെ പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിലിടക്ക് മിക്ക സ്ഥലങ്ങളിലും മുസ്ലിംവ്യാപാരിമണ്ഡലങ്ങൾ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു; അതിന്നുപുറമേ ഇതിനിടെ സകല മുസ്ലിംവ്യാപാരിമണ്ഡലങ്ങളുടെയും പ്രാതിനിധ്യംവഹിക്കുന്ന ഒരു അഖിലേന്ത്യാ ഫെഡറേഷൻ രൂപീകൃതമായിട്ടുണ്ട്. ആദ്യകാലത്തു ഹിന്ദുസ്നേഹിതന്മാരെ വെറുപ്പിക്കാനുള്ള ഭയംനിമിത്തം മുസ്ലിം വർത്തകപ്രമാണിമാർക്ക് സ്വല്പമൊരു സങ്കോചമുണ്ടായിരുന്നു; എന്നാൽ ഒടുവിൽ അവർ ധൈര്യം അവലംബിച്ചു. സ്വയംസംഘടിച്ചു സാമ്പത്തികവും വാണിജ്യപരവുമായ വമ്പിച്ച കാര്യങ്ങളെ അഭിമുഖീകരിക്കുകയാണ് ഈ മൂന്നാമത്തെ മുസ്ലിംസംഘടനയുടെ പരിശ്രമം. നിങ്ങൾ അക്ഷമരായിത്തീരരുത്. പരിശ്രമം തുടരുകയെന്ന പാഠം നിങ്ങൾ എട്ടുകാലിയുടെ കഥയിൽനിന്നു പഠിക്കുക. നിങ്ങൾ

ക്കപോലത്തും പ്രവൎത്തിക്കുവാനുണ്ട്. പഠനത്തിനു തരമാവാത്തക്കവണ്ണം തങ്ങൾക്കു ഏതു പന്ഥാവിൽ പ്രവൎത്തിക്കാമെന്നു നിങ്ങൾതന്നെ നിശ്ചയിക്കണം.

നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്ന വേറൊരു കാൎയ്യം ഇതാണ്—നിങ്ങളുടെ സ്ത്രീകൾ നിങ്ങളോടൊപ്പം തോളോടുതോൾചേൎന്നു പ്രവൎത്തിക്കാത്തപക്ഷം നിങ്ങൾ ഔന്നത്യത്തിലേക്കുയരുകയില്ലെന്ന്. ദുഷിച്ച ആചാരങ്ങൾക്കു വിധേയരാണ് നാം. വീട്ടിന്റെ നാലു ചുമരുകൾക്കുള്ളിൽ തടവുകാരികളെപോലെ നമ്മുടെ സ്ത്രീജനങ്ങളെ ഇട്ടടക്കുന്നതു മനുഷ്യ സമുദായത്തോടു ചെയ്യുന്ന അനീതിയാണ്. പാശ്ചാത്യജീവിതത്തിലെ അനാശാസ്യതകൾ നാം പകൎത്തണമെന്നു ഞാനുപദേശിക്കുന്നില്ല. എന്നാൽ നമ്മുടെ ഇസ്ലാമിക ആദൎശത്തിന്നനുസരിച്ചു നമ്മുടെ സ്ത്രീകളുടെ പദവി ഉയൎത്തുക. നമ്മുടെ സ്ത്രീകൾക്കു ജീവിക്കേണ്ടിവരുന്ന ആ അധോനിലക്ക് ശാസ്ത്രീയമായ സമ്മതിയില്ല. പാശ്ചാത്യ സമുദായങ്ങളുടെ ദുഷിച്ച ആചാരാനുഷ്ഠാനങ്ങൾക്കു വിധേയരാകാതെ നിങ്ങളുടെ സ്ത്രീകളെ ജീവിതത്തിലെ ഏതു പന്ഥാവുകളിലും സഹായികളായി ഒപ്പം കൂട്ടുക. വിദ്യാഭ്യാസ നിശ്ശൂന്യയായ ഒരു സ്ത്രീക്ക് സ്വന്തം സന്താനങ്ങളെ നേർവഴിക്ക് വളൎത്തിക്കൊണ്ടുവരാൻ സാധിക്കുന്നതല്ല. കുട്ടികളെ നേർവഴിക്ക് വളൎത്തുവാനുള്ള കഴിവ് സ്ത്രീകൾക്കാണുള്ളത്. അവരെ നാം എറിഞ്ഞുകളയൊല്ല.

നിങ്ങളുടെ പത്തുറപ്പിക എങ്ങനെ

പതിനഞ്ചുറപ്പികയാവുന്നു!

—ആയിരം ഉറപ്പിക ആയിരത്തഞ്ഞൂറും!

നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കററുകൾ

വാങ്ങുന്നതുകൊണ്ട്

(എല്ലാ പോസ്റ്റാഫീസ്സുകളിൽനിന്നും ഡിസ്ട്രിക്ട് ആഫീസ്സർമാർ അധികാരപ്പെടുത്തിയ ഏജൻറുമാരിൽനിന്നും കിട്ടും.)

ചെറുകഥ.

അവളുടെ തലമുടി

പുന്നയൂർക്കുളം, വി. ബാപ്പു.

“അമ്മേ, ഞാനിനി എന്താ വേണ്ടതു്! സ്കൂളിൽ പോകാൻ എനിയ്ക്കു മനസ്സു വരുന്നില്ല. ഭാർഗ്ഗവിയും കമലയും നിന്ദിയ്ക്കുന്നതാണെനിയ്ക്കു സഹിയ്ക്കാത്തതു്. അച്ഛനുള്ളപ്പോൾ അവരെന്റെ നേരെ അസൂയപ്പെടാറുണ്ടു്. പുതിയ ബ്ലൗസ്സുകൾ, പാവാടകൾ, ലോലാക്കു്, കമ്മൽ, കാപ്പു്, പാദസരം എല്ലാം, എല്ലാമവർ പിടിച്ചു നോക്കും; മുഖം ചുളിച്ചു മന്ത്രിയ്ക്കും. ഇപ്പോഴാകട്ടെ അതെല്ലാം പോയി! കീറിയ മുണ്ടു ഞാൻ ധരിച്ചുകൊള്ളാം; പട്ടിണി കിടന്നുകൊള്ളാം; എന്നാലും പുസ്തകമില്ലാതെ സ്കൂളിൽ പോകാൻ എനിയ്ക്കു വയ്യ അമ്മേ! പുസ്തകം കടം ചോദിയ്ക്കാൻ എനിയ്ക്കു ധൈര്യമില്ല. ഭാർഗ്ഗവിയും കമലയും, ചോദിച്ചാൽതന്നെ തരില്ല. അവർക്കെന്തൊരസൂയയാണെന്നോ! എന്റെ അച്ഛൻ ഉണ്ടായിരുന്നുവെങ്കിൽ ....”

പതിന്നാലിന്റെ പിടിയിൽനിന്നു പുറത്തേയ്ക്കു പോകാൻ പുറപ്പെടുന്ന ആ സുകുമാരി ഏങ്ങിയേങ്ങിക്കരഞ്ഞു. മാതാവു് അതിൽ പങ്കുചേർന്നു അവളെസ്സഹായിച്ചു. അമ്മയും മകളും ആലിംഗനംചെയ്തു അങ്ങിനെ നിന്നു. അഴലിന്റെ അത്യഗാധതയിൽ, സ്നേഹവാത്സല്യങ്ങളുടെ സമ്മോഹനമായ ഒരു സമ്മേളനരംഗം! പരിതസ്ഥിതികളെ പാടെ മറന്നു തെല്ലുനേരം അവരതിൽ ലയിച്ചുപോയി. ദാരിദ്ര്യം ചുട്ടുപഴുപ്പിച്ച ജീവിതത്തിന്റെ അപാരമായ മരുഭൂമിയിൽ താങ്ങും തണലുമില്ലാതെ തളർന്നു വിവശമായ ആ രണ്ടാത്മാക്കൾക്കുള്ള ഏകാവലംബം ആ പരിശുദ്ധമായ സ്നേഹം മാത്രമാണു്. വിശപ്പടക്കുവാനും ദാഹം തീർക്കുവാനുമെല്ലാം അവരതിനെത്തന്നെ ആശ്രയിച്ചിരിക്കുന്നു!

ആ പാവങ്ങളുടെ പിന്നിൽ കരളലിയിക്കുന്ന ഒരു ചരിത്രമുണ്ടു്—പരമാർത്ഥമായ ഒരു ദയനീയ കഥ. ആഭിജാത്യവും അഭിമാനവും അലയടിയ്ക്കുന്ന ഒരു കൊച്ചു കുടുംബം. ധനികരല്ലെങ്കിലും ദാരിദ്ര്യത്തിന്റെ ചൂടു് അശേഷം അവർ അറിഞ്ഞിട്ടില്ല. സ്നേഹമസൃണമയ ജീവിതം; അന്തസ്സോടു കൂടിയ പെരുമാററം. അങ്ങനെ മനോജ്ഞമധുരമായ ജീവിതത്തിന്റെ പതിനാറു് വസന്തങ്ങൾ അവർ പിന്നിട്ടിട്ടുണ്ടു്. സരോജം ചെറുപ്പം മുതൽ സുകുമാരനൊന്നിച്ചാണു് വളർന്നതു്. അവർ കളിയിലും പഠിപ്പിലും അന്യോന്യം സഹായിച്ചു. അങ്ങിനെയിരിക്കെയാണു് സരോജത്തിന്റെ മാതാവു് മരണമടഞ്ഞതു്. വൃദ്ധനായ പിതാവിനെ പരിചരിയ്ക്കുവാൻ അവൾക്കു അങ്ങിനെ പഠിപ്പു നിർത്തേണ്ടിവന്നു. സരോജത്തിന്നു സങ്കടകരമായ ഒന്നായിരുന്നു അതു. പഠിപ്പു് നഷ്ടപ്പെടുന്നതല്ല, സുകുമാരന്റെ സാമീപ്യം നഷ്ട

പ്പെടുന്നതാണ് അവളെ അധികം വേദനിപ്പിച്ചതു്. എങ്കിലും അവൾ ആശ്വസിച്ചു, അടുത്ത "വീട്ടിലല്ലേ, എപ്പോഴും കാണാമല്ലോ!" അതു പരമാൎത്ഥവുമായിരുന്നു.

സുകുമാരൻ പഠിപ്പു തുടരുവാൻ വേണ്ടി കോളേജിലേയ്ക്കു് പുറപ്പെട്ടു. അന്നാണ് സരോജം വിരഹവേദന ആദ്യമായ് അനുഭവിച്ചു തുടങ്ങിയതു്. അവൾക്ക് സുകുമാരനെ സുകുമാരനായി കാണ്മാൻ കഴിഞ്ഞതു് അന്നാണ്. സുകുമാരൻ പോകുന്നതോന്നിച്ചു തന്റെ പ്രാണനും കുറേശ്ശ അകന്നകന്നു പോകുന്നപോലെ അവൾക്കു തോന്നി. വിരഹത്തിന്റെ ഹൃദയം പിളൎക്കുന്ന തീവ്രയാതനയിൽ അവൾ നീറിനീറിദ്ദഹിച്ചുകൊണ്ടിരുന്നു. എങ്കിലും, അതിന്റെ അടിയിൽനിന്നു ആനന്ദത്തിന്റെ ഒരു ചെറുകല്ലോലിനി പതുക്കെപ്പതുക്കെ ഒഴുകി വരികയാണ്. പ്രണയത്തിന്റെ പ്രഭാവവിശേഷങ്ങൾ അവളങ്ങിനെ അനുഭവിക്കാൻ തുടങ്ങി. യാത്രപറവാൻ ചെന്ന സുകുമാരനെ സരോജത്തിന്റെ അച്ഛൻ അനുഗ്രഹിച്ചു. ആ വൃദ്ധൻ കണ്ണുനീരോടുകൂടി പറഞ്ഞു: "സുകു, നീ ഉള്ളപ്പോൾ എനിക്കു പുത്രന്മാരില്ലാത്ത ബുദ്ധിമുട്ടു അറിയേണ്ടിവന്നിട്ടില്ല. എനിക്കു വയസ്സുകാലമാണ്.

C. K. S. ITCH OIL (For external use only).

ചൊറി, ചിരങ്ങ്, വണ്ടുകടി, കരപ്പൻ ഇവക്ക് **സി. കെ. എസ്സ്. ചൊറി എണ്ണ** പുരട്ടി രണ്ടു മണിക്കൂർ കഴിഞ്ഞ് സോപ്പു തേച്ചു കുളിക്കുക. എണ്ണ പുരട്ടിയ ഭാഗം മാത്രം കഴുകിയാലും മതിയാകുന്നതാണ്.

1 ഔൺസ് കുപ്പി 1ക്ക്	0	10	0
2 ഔൺസ് കുപ്പി 1ക്ക്	1	2	0
4 ഔൺസ് കുപ്പി 1ക്ക്	2	0	0

അധികം എടുക്കുന്നവക്ക് കമ്മീഷൻ കൊടുക്കുന്നതാണ്. ഏജണ്ടുമാരെ ആവശ്യമുണ്ട്.

എല്ലാ തീപ്പൊള്ളലിയ വ്രണങ്ങൾക്കും, മുറികൾക്കും, പുണ്ണുകൾക്കും **സി. കെ. എസ്സ്. മുറി എണ്ണ** ഉപയോഗിക്കുക.

½ ഔൺസ് കുപ്പി 0 6 0 1 ഔൺസ് കുപ്പി 0 12 0

കൂടാതെ കാലുവിള്ളിച്ചക്കുള്ള മരുന്ന്

ഡപ്പി 1ക്ക് 0 5 0 മാത്രം.

സി. കെ. സാഹിബ്ബ്,

കുച്ചുവടം, ആലത്തൂർ (പോസ്റ്റ്), (വഴി) പാലക്കാട്ട്, S. Malabar.

ഞാൻ മരിയ്ക്കുമ്പോറം നീ ഇവിടെ വേണം കെട്ടോ! എന്നാൽ എനിക്കു സമാധാനമുണ്ടാകും.''

സുകുമാരൻ ആ വൃദ്ധനെ സ്വപിതാവിനെപ്പോലെ സ്നേഹിച്ചിരുന്നു. ആ വയസ്സൻെറ കണ്ണുനീർ സുകുമാരനെയും കരയിച്ചു. സരോജത്തിനും അവരെ അനുകരിക്കാതിരിപ്പാൻ കഴിഞ്ഞില്ല. അവറക്കു സുകുമാരനോടു പലതും പറയുവാനുണ്ടായിരുന്നു. സുകുമാരനു സരോജത്തോടും. പക്ഷെ അദൃശ്യമായ എന്തോ ഒരു ശക്തി അവരെ അത്യന്നശക്തരാക്കി. അവർ അന്യോന്യം ഓരോന്നു നോക്കുക മാത്രം ചെയ്തു. പുളകം വിതക്കുന്ന ഓരോ നോട്ടം. അന്യോന്യം ഹൃദയത്തിൻെറ അന്തരാളത്തിലേക്കു തുളച്ചുകടക്കുന്നവയായിരുന്നു അവ.

മൗനമുദ്രിതമായ ആ വേർപാടിനുശേഷം 6 മാസത്തോളം അവർ അന്യോന്യം വിവരമൊന്നുമറിഞ്ഞില്ല. സരോജത്തിൻെറ വിവരമറിവാൻ സുകുമാരനും, സുകുമാരൻെറ വത്തമാനം ഗ്രഹിപ്പാൻ സരോജവും അത്യാഗ്രഹത്തോടെയിരുന്നു. പക്ഷെ, ആരും കത്തെഴുതിയില്ല; അതിന്നു അവക്കു കഴിഞ്ഞില്ല; ഒരാളുടെ കത്തു പ്രതീക്ഷിച്ചു മറേറ ആറം കാത്തിരുന്നു; അങ്ങിനെ പോയി കാലം.

''അച്ഛൻ കാണ്മാനാഗ്രഹിക്കുന്നു; ഉടനെ പുറപ്പെട്ടാലും—സരോജം.''

കമ്പിവഴി സുകുമാരനു ലഭിച്ച ആദ്യത്തെ പ്രണയസന്ദേശമാണിത്. സുകുമാരൻ പുറപ്പെടുവാൻ അശേഷം വൈകിയില്ല. പിറേറന്നു രാത്രി ആയാറം സരോജത്തിൻെറ വീട്ടിലെത്തി. ''ഹാവൂ!'' ഒരു ദിർഘനിശ്വാസത്തോടുകൂടി വൃദ്ധൻ പറഞ്ഞു: ''സമാധാനമായി, മോനേ, എനിക്കിനി മരിക്കാം.'' വൃദ്ധൻെറ നിശ്ശോഭമായ ആ കണ്ണുകറം ഉജ്ജ്വലിച്ചു; മുഖം പ്രസന്നമായി. ഒരസാധാരണ ചൈതന്യം ആ വയസ്സനെ വലയംചെയ്തു.

സുകുമാരൻ തെല്ലിട സ്തംഭിച്ചുപോയി. ആയാറം ഒരുവിധം സമാധാനിപ്പിച്ചു: ''എന്തിനാണ് വെറുതെ ആവലാതിപ്പെടുന്നത്? ദീനം വന്നാൽ ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. അനാവശ്യ ചിന്തകറക്കാണു മരുന്നില്ലാത്തത്.''

''ശരിതന്നെ'' വൃദ്ധൻ പറഞ്ഞു, ''പക്ഷെ, എനിയ്ക്കു മടുത്തിരിക്കുന്നു. മധുരമായ ജീവിതം ഇപ്പോറം കാഞ്ഞിരക്കായയാണെനിയ്ക്കു. യാതൊരാഗ്രഹവും എനിക്കിനി ഇവിടെയില്ല. ഈ പഴകിജ്ജീണ്ണിച്ച വസ്ത്രം ഇനി ഉപയോഗിക്കാൻ കൊള്ളില്ല, കുട്ടീ!'' വൃദ്ധൻ ഒരു നെടുവീപ്പോടെ തുടന്നു: ''നീ ഇവിടെ ഇരിയ്ക്കു്; എനിക്കു ചിലതു പറയുവാനുണ്ടു്.''

സുകുമാരൻ സങ്കോചത്തോടെ ആ കട്ടിലിൽ ഇരുന്നു. വൃദ്ധൻ ആയാളുടെ ചെകിട്ടിൽ കുറച്ചുനേരം മന്ത്രിച്ചു. സുകുമാരൻ വയസ്സൻെറ മുഖത്തുനോക്കി; ഉടനെ തലതാഴ്ത്തി. ആയാളുടെ കണ്ണുകളിൽ ലജ്ജകലന്ന കൃതജ്ഞത നിഴലിച്ചിരുന്നു.

''സരു! സരു!'' വൃദ്ധൻ സരോജത്തെ വിളിച്ചു; സുകുമാരൻെറ സാന്നിദ്ധ്യത്തിലുണ്ടായ ലജ്ജ അവളെ വാതിൽക്കലോളമേ എത്തിച്ചുള്ളൂ: ''ഇങ്ങോട്ടടുത്തുവാ

മോളേ!'' വൃദ്ധൻ വീണ്ടും വിളിച്ചു. അവളുടെ പിതൃഭക്തി ലജ്ജയെയും ശങ്കയെയും ജയിച്ചു; അവൾ അടുത്തുചെന്നു. പല്ലവസദൃശമായ ആ കരവല്ലികൾ സുകുമാരന്റെ കൈത്തലത്തിൽ വെച്ചുകൊണ്ടു ആ വയസ്സൻ പറഞ്ഞു: "മോനേ, എനിക്കുള്ള സ്വത്തു ഇവളാണ്. അതു വേണ്ടപോലെ പരിപാലിക്കുവാൻ നിനക്കു കഴിയും. ഇനി ഇവളെസ്സംബന്ധിച്ച എല്ലാ അധികാരവും നിനക്കുമാത്രം.'' വൃദ്ധൻ "ആവൂ'' എന്നൊന്നു നിശ്വസിച്ചു. ആയാളുടെ ശ്വാസഗതി വർദ്ധിച്ചുകൊണ്ടേ വന്നു. ആയാൾ തുടൎന്നു: "എന്റെ എല്ലാ ഭാരവും അവസാനിച്ചു; സമാധാനമായി. ദൈവം നിങ്ങളെ അനുഗ്രഹിക്ക....ട്ടെ...''

വൃദ്ധന്റെ ഒട്ടിയ കവിൾത്തടങ്ങളിൽക്കൂടി ഒരു കൊച്ചരുവി മെല്ലെ മെല്ലെ ഒഴുകിവന്നു. സരോജത്തിന്റെ പാദത്തിലും പരിസരത്തിലുമുള്ള നിലത്തും ബാഷ്പബിന്ദുക്കൾ പൂവുകുത്തി. സുകുമാരനാകട്ടെ, ജലംനിറഞ്ഞ കണ്ണുകളും, വി

പുനന്നവഗ്രന്ഥാവലി

1. പടനായകന്റെ ദുർമ്മരണം.

വാസ്തവസംഭവങ്ങളായ മൂന്നു ഭയാനക പ്രേതകഥകൾ. (1) പടനായകന്റെ ദുർമ്മരണം (2) ഒരു പ്രേതഘാതകൻ (3) ഒളിച്ചുവെച്ച പാപനിവേദനം. (വില അണ 3.

2. പ്രകൃതിവിജ്ഞാനം പുസ്തകം 1

ആപാദചൂഡം ആസ്വാദ്യമായ ശാസ്ത്രതത്വ ശകലങ്ങൾ. (1) പ്രകൃതിയുടെ പാഠങ്ങൾ (2) വിഷജന്തുക്കൾ (3) സൌന്ദര്യം. (വില ക. 1.

3. പ്രകൃതിവിജ്ഞാനം പുസ്തകം 2

ചില സാധാരണ ജീവികളുടെ അത്ഭുത ജീവചരിത്രവും മററും രസകരമായി എഴുതിയതു. (1) ചെറുകാട (2) മാന്തളിർ (3) പൊടി (4) പൂച്ചയും മൂങ്ങയും (5) കട്ടുക്കു (6) ആരൽ. (വില അണ 6

4. ശൈശവചിത്രങ്ങൾ

നിത്യജീവിതത്തിലെ അനുഭവങ്ങൾ തുള്ളിത്തുളുമ്പുന്ന നാല്വഖണ്ഡനാടകങ്ങൾ. (വില അണ 6.

(1) വേണുവിന്റെ വികൃതി (2) കേശവന്റെ ആജ്ഞാലംഘനം (3) മാധവനും മനസ്സാക്ഷിയും (4) വലിയേട്ടന്റെ വരവ്. (വില അണ 6.

5. പ്രകൃതിവിജ്ഞാനം പുസ്തകം 3

രണ്ടു സാധാരണ ജീവികളുടെ അത്ഭുത ജീവചരിത്രം വളരെ രസകരമായി വർണ്ണിച്ചിട്ടുള്ളതു്. (1) ഞണ്ടു് (2) തവള.

6. രണവും രാഗവും.

ഒരു നോവലിനേക്കാൾ രസകരമായി വർണ്ണിച്ചിട്ടുള്ള പ്രകൃതിയിലെ ചില സംഭവങ്ങൾ. (വില അണ 6.

(1) ത്രുതഹ്റദത്തിലെ കൈവൎത്തൻ (2) പൂച്ചയും മൂങ്ങയും (3) പറിച്ചുനട്ട പയററി (4) ഉദരാജന്റെ കുടുംബജീവിതം.

6 പുസ്തകത്തിനു 2—11—0. ആറുംകൂടി എടുത്താൽ 2—0—0. 10 കക്കു ഒന്നായി വാങ്ങുന്നവൎക്കു നല്ല കമീഷൻ കൊടുക്കുന്നതാണ്

എമ്പയർ പ്രസ്സ്, കോഴിക്കോട്.

കാരം തുളുമ്പുന്ന ഹൃദയവും, വിയപ്പു നനഞ്ഞ ശരീരവുമായി തെല്ലിട നിശ്ചലനായിരുന്നു. * * *

സുകുമാരൻെറയും സരോജത്തിൻെറയും വിവാഹം വൃദ്ധൻെറ മരണാനന്തരക്രിയകൾക്കുശേഷം, കുറച്ചുകാലം കഴിഞ്ഞപ്പോൾ ഭംഗിയായിത്തന്നെ നടന്നു. പിന്നീടയാൾക്കു പഠിപ്പു തുടരുവാൻ കഴിഞ്ഞില്ല.

കാലം കുറെ കടന്നുപോയി. ഒരു സ്നേഹിതന്നുവേണ്ടി ജാമ്യംനിന്ന വഴിക്കു സുകുമാരൻെറയും സരോജത്തിൻെറയും സ്വത്തുക്കൾ നഷ്ടപ്പെട്ടു. അവർ തികച്ചും ദരിദ്രരാണ്. സുകുമാരന്നു ഒരുദ്യോഗം കൂടാതെ ജീവിതനിർവ്വഹണത്തിന്നു വഴിയില്ലായിരുന്നു. അങ്ങനെ ഒരു റയിൽവേക്കമ്പനിയിൽ ആയാൾക്കൊരു ഗുമസ്ഥൻെറ ജോലികിട്ടി.

സംതൃപ്തവും സമാധാനപരവുമായിരുന്നു അവരുടെ ജീവിതം. അവർക്കൊരു പുത്രി മാത്രമേ ജനിച്ചുള്ളു. പ്രേമം കടഞ്ഞെടുത്ത കനകക്കട്ട! "സത്യ" എന്നു സുകുമാരൻ വിളിക്കുന്നതു കേട്ടാൽ ഇപ്പോഴും മധുവിധുകാലമാണവർക്കെന്നു തോന്നും. ആർക്കും അസൂയാജനകമായ നിഷ്കളങ്കജീവിതം. ആ കൊച്ചുകുടുംബം അഴലിൻെറ നിഴൽപ്പാടുപോലുമറിയാതെ പതിനാറു പൊന്നോണങ്ങൾ കൊണ്ടാടി.

"പെണ്ണിൻെറ ഭാഗ്യം പെട്രോൾപോലെ ക്ഷണം തീപ്പിടിക്കും. അതുപോലെത്തന്നെ അതു കെട്ടുപോകയും ചെയ്യും" എന്നു ആരോ പറഞ്ഞതു പരമാർത്ഥമാണ്. മലബാറിലുണ്ടായ കോളറയുടെ പടപ്പാച്ചൽ പല കുടുംബങ്ങളെ മുച്ചൂടും നശിപ്പിക്കുകയും, പലരെ അഗതികളാക്കുകയും ചെയ്ത കൂട്ടത്തിൽ സരോജത്തെ വിധവയും പുത്രിയെ അനാഥയുമാക്കി. ആ കൊച്ചുകുടുംബത്തിൻെറ നടുത്തൂണിന്നാണു ആ ഇടിവാൾ പററിയതു്! പതിനാറുകൊല്ലത്തെ പരമാനന്ദപൂർണ്ണമായ ജീവിതത്തിന്നുശേഷം പെട്ടെന്നതിന്നൊരു പൂർണ്ണവിരാമം! ആ സ്ത്രീഹൃദയം തകർന്നു തരിപ്പണമാകുവാൻ അതിന്നുംപുറമെ എന്തുവേണം?

സുകുമാരൻെറ മരണാനന്തരം ഒരു കൊല്ലമേ കഴിഞ്ഞിട്ടുള്ളു. അന്നൊരു ദിവസം സരോജത്തോടു തൻെറ ഓമനപ്പുത്രി പറഞ്ഞ ആവലാതിയാണു നാം കഥാരംഭത്തിൽ കേട്ടതു്.

ചുകന്ന വദനത്തോടും, വിറയ്ക്കുന്ന അധരത്തോടുംകൂടി ആ കോമളാംഗി അമ്മയുടെ അടുത്തു ചെന്നു ആവലാതി തുടന്നു: "അമ്മേ, സ്കൂളിൽനിന്നു പുസ്തകമില്ലാത്തതിനാൽ പുറത്തുപോകേണ്ടിവരുന്നതുകൊണ്ടു, നേരാംവണ്ണം പഠിക്കാൻ കഴിയില്ല. വീട്ടിലിരുന്നു പഠിക്കാനാണെങ്കിൽ അതിന്നുമില്ല പുസ്തകം. വെറുതെ പരീക്ഷക്കുപോയി തോററ അവമാനവുംകൂടിപ്പേറുവാൻ ഞാൻ എന്തിനു പോകണം? അമ്മേ, പഠിച്ചതു മതി. ഇനിയെന്തെങ്കിലും കൈത്തൊഴിൽചെയ്തു പട്ടിണിയിൽനിന്നും രക്ഷപ്രാപിക്കാൻ നോക്കാം. അതാണു നല്ലതു്."

സാധു സരോജം! തൻെറ പ്രിയ പുത്രിയുടെ ഓരോ വാക്കുകളും, ഓരോ അക്ഷരങ്ങൾപോലും, ആയിരം മുനയുള്ള അസ്ത്രങ്ങൾപോലെ അവളുടെ ഹൃദയത്തെ കുത്തിത്തുളച്ചു. ദയനീയതയുടെ മൂൎത്തിമൽ ഭാവമായിരുന്ന ആ മാതാവു അതാ, പെട്ടെന്നൊരു സിംഹിയുടെ ശൌൎയ്യത്തോടെ കാണപ്പെടുന്നു! ഈ പരിവൎത്തനത്തിന്നു നിദാനം എന്തൊരു പ്രചോദനമാണാവോ? ''ഞാൻ ഇതാ വരുന്നെ''ന്നു മാത്രം പറഞ്ഞു സരോജം പടിയിറങ്ങി നടന്നു.

രാത്രി 10 മണി കഴിഞ്ഞിരിക്കുന്നു സരോജം മടങ്ങിയെത്തുമ്പോൾ. കുറച്ചു പുതിയ വസ്ത്രങ്ങളും കുറെ പണവും അവൾ മകളുടെ മടിയിലേക്കിട്ടുകൊടുത്തു. ആ ബാലിക ആശ്ചൎയ്യത്തോടെ ചോദിച്ചു: "അമ്മേ; ഇതെവിടെനിന്നു കിട്ടി?" സരോജം ഉത്തരമൊന്നും പറഞ്ഞില്ല. ബാലിക ജിജ്ഞാസയോടുകൂടി വീണ്ടും ചോദിച്ചു: "ആരാണമ്മേ നമ്മോടു ഇത്രയും കരുണയുള്ളവർ? അച്ഛൻെറ സഹായം അനുഭവിക്കാത്ത ഒരാളും ഈ നാട്ടിലില്ല; അദ്ദേഹത്തിൻെറ ഔദാൎയ്യംകൊണ്ടാണു നാം ഇത്ര വിഷമിക്കേണ്ടിവന്നതും. അതറിഞ്ഞു ഏതെങ്കിലും മഹാന്മാൎക്കു നമ്മോടു കനിവു തോന്നിയിരിക്കാം! അതേ, അമ്മേ?"

സരോജം മൌനം ഭജിച്ചതേയുള്ളു. ബാലിക വീണ്ടും അവളെ അലട്ടി. അമ്മയ്ക്കെന്തോ വല്ലായ്മയുണ്ടെന്നവൾ മനസ്സിലാക്കി. ഉത്തരക്ഷണത്തിൽ അവൾ മാതാവിനെ കെട്ടിപ്പിടിച്ചു. സരോജത്തിൻെറ ശിരസ്സു മറച്ചിരുന്ന സാരിത്തുമ്പു പെട്ടെന്നു താഴെ വീണുപോയി. ഹാ! അത്ഭുതംകൊണ്ടു ആ ബാലിക നടുങ്ങി. ഈ ലോകത്തിൽ യാതൊരു സ്ത്രീക്കും ചെയ്വാൻ കഴിയാത്ത ആ ഭയങ്കരകൃത്യം—ഹൃദയാരുന്തുദമായ ആ കഠിന കൎമ്മം—തൻെറ പ്രിയപ്പെട്ട മാതാവു തനിക്കുവേണ്ടിചെയ്തുവെന്നു ആ സാധുബാലിക മനസ്സിലാക്കി. അവൾ ബോധമററു മലൎന്നടിച്ചു വീണുപോയി. അവളുടെ അമ്മയുടെ തലമുടി!—അതു വിററുപോയിരുന്നു!!

Neo Kerala National Hotel

320 Waltax Road, P. T. Madras.

സെൻട്രൽ സ്റ്റേഷന്നടുത്ത് എലക്ട്രിക്ക് ഫിററിങ്ങ്സോടുകൂടിയ ഒന്നാന്തരം മലയാളിഹോട്ടൽ. മിതമായ ചാൎജ്ജ്. നിങ്ങളുടെ മദിരാശി യാത്രയിൽ ഞങ്ങളെ ഒന്നു സന്ദൎശിക്കുക.

ബാലപംക്തി

സ്വിററ്സർലണ്ട്—യൂറോപ്പിലെ കളിസ്ഥലം

(കെ. എം. എ.)

സ്വാതന്ത്ര്യപ്രിയന്മാരായ മലനാടൻ ജനങ്ങളുടെ ജന്മദേശമാണ് സ്വിററ്സർലണ്ട്. വളരെ ശക്തിയുള്ള രാഷ്ട്രങ്ങൾ ചുററുഭാഗത്തുമുണ്ടെങ്കിലും ലോകത്തിലെ ഏററവും അഭിവൃദ്ധിപ്രാപിച്ച പ്രജാധിപത്യരാഷ്ട്രമാണത്. അവിടുത്തെ മനോഹരമായ കാഴ്ചകൾ, പ്രശാന്തമായ അന്തരീക്ഷം, ആരോഗ്യപ്രദമായ കാററ് എന്നിവകൊണ്ടു പ്രസ്തുത രാജ്യം ലോകപ്രശസ്തി നേടിയിരിക്കുന്നു.

യൂറോപ്പിലെ മറെറാരു രാജ്യവും ഇത്ര അധികം സന്ദർശകന്മാരെ ആകർഷിക്കുന്നില്ല. കാരണം സ്വിററ്സർലണ്ടിലെ പ്രകൃതിരമണീയമായ കാഴ്ചകളും, ആരോഗ്യദായകമായ കാലാവസ്ഥയും മറെറാരു രാജ്യത്തിനുമില്ല. അനേകായിരം ജനങ്ങൾ കൊല്ലംതോറും അവിടെ ചെന്നുകൊണ്ടിരിക്കുന്നു.

ഹോട്ടലുകൾ നടത്തിയും, യാത്രക്കാർക്ക് ആവശ്യമുള്ള സാധനങ്ങൾ വിററും അവിടെ വളരെപ്പേർ ഉപജീവനം കഴിച്ചുവരുന്നു.

സ്വിററ്സർലണ്ട് ഒരു കാർഷികരാജ്യമാണ്. അവിടത്തെ നിർമ്മാണകേന്ദ്രങ്ങൾ വ്യാവസായികമായി അഭിവൃദ്ധിപ്രാപിച്ചുവരുന്നു.

കാർഷികരാജ്യമെന്നു പറഞ്ഞതുകൊണ്ടു, അവിടെ ധാന്യങ്ങളും മററും ധാരാളമായി കൃഷിചെയ്യുന്നുണ്ടെന്നു തെററിദ്ധരിക്കരുത്. താഴ്വരകളിലെ സമതലങ്ങളൊഴിച്ചാൽ കൃഷിചെയ്യാവുന്ന സ്ഥലം അവിടെ അല്പംമാത്രമേയുള്ളു.

പശുക്കളെ വളർത്തുകയാണു അന്നാട്ടുകാരുടെ പ്രധാന പ്രവൃത്തി. ഉഷ്ണകാലത്തു മലമ്പ്രദേശങ്ങളിലുള്ള ഉയർന്ന പുൽമൈതാനങ്ങളിലേക്കു പശുക്കളെ കൊണ്ടുപോകുന്നു. കൃഷിക്കാരനും കുട്ടികളുംകൂടി, പശുക്കളെ കറന്നു പാലും നെയ്യുമെടുത്തു വലിയ പീപ്പകളിലാക്കി താഴ്വാരങ്ങളിലേക്കയയ്ക്കുന്നു. തണുപ്പുകാലത്തു പശുക്കളെ വീട്ടിന്നു സമീപമുള്ള ആലകളിൽ നിർത്തി തീററിപ്പോററുന്നു. തണുപ്പുകാലത്തു കത്തിക്കുവാനായി മലകളിൽനിന്നു കൃഷിക്കാർ കഴിയുന്നത്ര വിറകും പുല്ലും ശേഖരിക്കും. കുത്തനെയുള്ള മലഞ്ചെരിവുകളിൽ കയറുവാനും സഞ്ചരിക്കുവാനും അവർക്കു അശേഷം ഭയമില്ല. മലകളിൽ വലിയ കാടുകളുള്ളതുകൊണ്ടു അനവധി ജനങ്ങൾ മരംമുറിച്ചു ഉപജീവനം കഴിക്കുന്നു. മരങ്ങൾ വീടു പണിയുവാ

നം, കൊത്തുപണികൾക്കും, കളിസ്സാമാനങ്ങൾ ഉണ്ടാക്കുവാനുമാണു ഉപയോഗിക്കുന്നത്.

സ്വിററ്സർലണ്ടിൽ കൽക്കരിയില്ലെന്നുതന്നെ പറയാം. നിർമ്മാണത്തിനുതകുന്ന അസംസ്കൃതപദാർത്ഥങ്ങളും പറയത്തക്കവണ്ണമൊന്നുമില്ല. എങ്കിലും അതൊരു വമ്പിച്ച നിർമ്മാണ (Manufacturing) രാജ്യമായിത്തീർന്നിരിക്കുന്നു. വെള്ളച്ചാട്ടങ്ങളിൽനിന്നും അതിശീഘ്രം ഒഴുകുന്ന പുഴകളിൽനിന്നും വിദ്യുച്ഛക്തി ശേഖരിച്ചിട്ടാണു അവിടെ വമ്പിച്ച വ്യവസായങ്ങൾ നടത്തുന്നത്. യൂറോപ്പിൽ, ഒരു പക്ഷെ, സ്കാൻറിനേവ്യയിലും ഇററലിയിലും മാത്രമേ ഇത്രയും ആദായത്തിൽ വിദ്യുച്ഛക്തിയും വെളിച്ചവും, ചൂടും ലഭിക്കുകയുള്ളു. വളരെ ചെറിയ ഗ്രാമീണ ഗൃഹങ്ങളിൽക്കൂടി വിദ്യുച്ഛക്തി വിളക്കുകളും, ടെലിഫോണും ഉണ്ട്. യന്ത്രശാലകൾ നടത്തുവാനും തീവണ്ടി ഓടിക്കുവാനും അവർ വിദ്യുച്ഛക്തി ഉപയോഗിക്കുന്നു.

സ്വിററ്സർലണ്ടിൻെറ വടക്കുകിഴക്കൻ പ്രദേശങ്ങളിലാണ് തുണിസ്സാമാനങ്ങളും ലോഹസാമഗ്രികളും അധികമായി നിർമ്മിച്ചുവരുന്നത്. സൂറിച്ച്, സെൻറ്ഗാൾ എന്നീ പട്ടണങ്ങളിലും അവയ്ക്കു ചുററുമുള്ള നാട്ടുകളിലും ഈ വ്യവസായങ്ങൾ ധാരാളം നടത്തിവരുന്നു. തടാകത്തിൻെറ പടിഞ്ഞാറെ അററത്തു കിടക്കുന്ന ജനീവ, ലിവോയെ, ബിയെൻ എന്നീ പട്ടണങ്ങളിൽ ക്ലോക്കുകളും, വാച്ചുകളും നിർമ്മിക്കുന്നു. അതിർത്തിയിൽ കിടക്കുന്ന ബാസൽ എന്ന പട്ടണം ഒരു റെയിൽവേ കേന്ദ്രവും, വിശേഷപ്പെട്ട പട്ടുണ്ടാക്കുന്നതിന്നു കീർത്തിപ്പെട്ടതുമാകുന്നു.

അത്യുന്നതമായ കൊട്ടുമുടികളും, അത്യഗാധമായ താഴ്വരകളും, അതിമനോഹരമായ തടാകങ്ങളും അവിടെ ധാരാളമുണ്ടു. സ്വിററ്സർലണ്ടിൽ ചെന്നവർ മിക്കവാറും അവിടത്തെ കാഴ്ചകൾ ആദ്യമായി കാണാൻ തുടങ്ങുന്നതു "ലൂസേൺ" മുതൽക്കാണ്.

കാൽനടയായി കയറുവാൻ കഴിയാത്തവർക്ക് തീവണ്ടിമാർഗ്ഗമായി മലയുടെ കൊട്ടുമുടിയിലെത്തിച്ചേരാം. കാൽനടയായി കയറുന്നവർക്കാകട്ടെ, അതു യാതൊരാപത്തുമില്ലാത്ത ഒന്നാന്തരം കായികപരിശീലനമാണ്. കൊട്ടുമുടിയിലെ കാഴ്ചകൾ ഹൃദയാവർജ്ജകമത്രെ. ഗിരിശിഖരങ്ങളിലേക്കു തീവണ്ടിപ്പാത നിർമ്മിച്ചിട്ടു അധികം കാലമായിട്ടില്ല. അത്യഗാധമായ റോൺ താഴ്വരയുടെ മറുഭാഗത്തു തെക്കുപടിഞ്ഞാറായാണു ഏററവും ഉയരമുള്ള കൊട്ടുമുടി സ്ഥിതിചെയ്യുന്നത്. അവിടത്തെ പ്രധാനകേന്ദ്രം "സർ മാററ്" ആകുന്നു. അതിന്നു മീതെയുള്ള "മേററർഹോൺ" കൊട്ടുമുടിയുടെ മഞ്ഞുമൂടിയ ചരിഞ്ഞ പാർശ്വം, താഴെയുള്ള ചെറിയ പള്ളിയുടെ മുററത്തു ദീർഘനിദ്രചെയ്യുന്ന അനവധി ആളുകളുടെ അകാലികമായ അവസാനത്തിന്നു ഉത്തരവാദിത്വം വഹിക്കുന്നു.

മേറെർഹോണിൻെറ കിഴക്കുവശത്തു കത്തിവായപോലെയുള്ള "മോൺറിറോസ്" എന്ന കൊട്ടുമുടി കാണാം. അതിൻെറ ഇടയിലാണു ഇററലിയുടെയും

സ്വിററ്സർലണ്ടിന്റെയും അതിര്. യൂറോപ്പിലെ "പർവ്വതരാജ"നായ "മൗണ്ട് ബ്ലേങ്കി"ന്റെ വളരെ പടിഞ്ഞാറഭാഗത്താണു് ഇതു സ്ഥിതിചെയ്യുന്നതു്.

പല ചുരങ്ങൾ വഴിയായി പലരും ഈ മലകൾ കടന്നുപോയിട്ടുണ്ടെങ്കിലും, ആൽപ്സിന്റെ ഈ ശിഖരനിരകൾ മനുഷ്യൎക്കു വമ്പിച്ച ഒരു തടസ്സംതന്നെയായിരുന്നു. ഇപ്പോൾ അവിടെ ഗംഭീരമായ തുരങ്കങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. മൊണ്ടു് സെനിസ് (Mont Cenis) തുരങ്കം ഇററലിയേയും ഫ്രാൻസിനേയും തമ്മിൽ കൂട്ടിയോജിപ്പിക്കുന്നു. സിംപ്ലൺ (Simplon) തുരങ്കമാണു ഏററവും വലുതു്. അതിനു 12½ നാഴിക നീളമുണ്ടു്. മററനേകം ചുരങ്ങളുമുണ്ടവിടെ. അവയിൽ ഒന്നാംതരം റോഡുകൾ കാണാം.

"HOMŒPATHY"

The Simplest & Most Effective Treatment for all Ailments!

SPECIAL
TREATMENT FOR ALL
KINDS OF
VENEREAL
DISEASES
&
INSANITY

PATIENTS FROM MOFFUSIL WILL BE TREATED BY POST IF PARTICULARS OF THEIR AILMENTS ARE SENT IN DETAIL.

Consult our Physician
M. KRISHNAN,
H. M. B.
(HOMOEO)

ഇവിടെ എല്ലാവിധ രോഗങ്ങളും എത്ര കാലപ്പഴക്കംചെന്നതായാലും വളരെ എളുപ്പത്തിൽ സുഖപ്പെടുത്തുന്നതിനു പുറമെ, ബാലചികിത്സക്കത്യുത്തമവും, കുട്ടികൾക്കു കഴിക്കുവാൻ വളരെ സ്വാദുള്ളതും, **വസൂരി, വയറി, കോളറ, ചൊറി, കൊക്കക്കുര** മുതലായ പകൎച്ചവ്യാധികൾ പിടിപെടാതിരിക്കുവാനും, പിടിപെട്ടവക്കു് എളുപ്പത്തിൽ സുഖപ്പെടുവാനും ഉള്ള ഹോമിയോമരുന്നുകൾ കിട്ടുന്നതാകുന്നു.

THE
MOST RELIABLE
HOUSE
FOR ALL KINDS OF
HOMOEO
&
BIOCHEMIC
REMEDIES.

CHARGES MODERATE

Raj & Co.
HOMOEO CHEMISTS
NEAR HEAD POST OFFICE
CALICUT.

കുറിപ്പുകൾ

മദിരാശി ബഡ്ജററ്:—

മദിരാശി ഗവൎമ്മെണ്ടിന്റെ 1944—45-ലെ മതിപ്പ് ബഡ്ജററ് പ്രസിദ്ധം ചെയ്തതിൽ, പ്രസ്തുത വൎഷത്തിലെ ചെലവിനങ്ങളിൽ കൂടുതൽ സംഖ്യ വക കൊള്ളിച്ചവയിൽ ഒന്ന് വിദ്യാഭ്യാസ വിഷയമാണെന്നു കാണുന്നതിൽ ഞങ്ങൾക്കു പ്രത്യേകിച്ചും സന്തോഷമുണ്ട്. ലോക്കൽ ബോർഡുദ്യോഗസ്ഥന്മാൎക്കു ഗവൎമ്മെണ്ടു തോതിൽ ക്ഷാമബത്ത നൽകുവാൻ സ്പെഷൽഗ്രാന്റായി നീക്കിവെച്ച 25 ലക്ഷം ക.ക്കു ബോർഡ് സ്കൂൾ അദ്ധ്യാപകന്മാരും അവകാശികളാണെന്നും ഗവൎമ്മെണ്ടു പ്രസ്താവിച്ചിരിക്കുന്നു. അതുപോലെതന്നെ, സംസ്ഥാനത്തിലെ എയിഡഡ് എലിമെന്ററിസ്കൂൾ അദ്ധ്യാപകന്മാരുടെ ക്ഷാമബത്ത മാസംപ്രതി 3 കയിൽനിന്നു 4 കയാക്കി വൎദ്ധിപ്പിക്കേണ്ടതിലേക്ക് മാനേജർമാൎക്കു വേതനമായി നൽകുവാനും, സെക്കന്ററി ട്രെയിനിങ്ങിന്നു കൂടുതൽ പേരെ ആകൎഷിക്കേണ്ടതിലേക്ക് സ്റ്റൈപ്പന്റ് കൊടുക്കുവാനുള്ള ഏൎപ്പാട് വീണ്ടും നടപ്പിൽ വരുത്തുവാനും നിശ്ചയിച്ചിട്ടുള്ളതും ഉചിതമായിട്ടുണ്ട്. മദിരാശി സൎവ്വകലാശാലയുടെ കീഴിൽ ടെക്കനോളോജിക്കൽ പഠനം ഏൎപ്പെടുത്തുവാനും, പെൺകുട്ടികൾക്കുവേണ്ടി പുതിയ സ്കൂളുകളും ഒരു ഹോസ്റ്റലും തുറക്കുവാനും വകയിരുത്തീട്ടുള്ളതുമാണ് അഭിനന്ദനീയമായ മററു സംഗതികൾ. സംസ്ഥാനത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഉൽക്കൎഷത്തെപ്പരിഗണിച്ചു ചെയ്ത ഈ ഏൎപ്പാടുകൾക്കു പുറമെ മുസ്ലിംവിദ്യാഭ്യാസാഭിവൃദ്ധിയെ പ്രത്യേകിച്ചും ഗവൎമ്മെണ്ടു പരിഗണിച്ചിട്ടുണ്ടെന്നു കാണുന്നതു ഞങ്ങൾക്കു കൂടുതൽ സന്തോഷത്തിന്നും കൃതജ്ഞതക്കും കാരണമായിരിക്കുന്നു. മദിരാശിയിലെ ഗവൎമ്മെണ്ടു മുഹമ്മദൻ കോളേജിൽ ഇസ്ലാംചരിത്രവും സംസ്കാരവും പഠിക്കുന്നതിൽ ഓണേർസ് കോർസും ഇന്റർമീഡിയററിൽ ഐഛികവിഷയമായി പ്രകൃതിശാസ്ത്രവും ഏൎപ്പെടുത്തുവാനും, മംഗലാപുരത്തെ മുസ്ലിംവിദ്യാൎത്ഥിനികൾക്കായുള്ള മിഡിൽസ്കൂളിൽ ഉയൎന്ന ക്ലാസ്സുകളും ഒരു ഹോസ്റ്റലും തുറക്കുവാനും, ഈസ്റ്റ് ഗോദാവരി ഏജൻസിയിലെ കോയ വിദ്യാൎത്ഥികൾക്ക് കൂടുതൽ വിദ്യാഭ്യാസ സൌകൎയ്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഡ്ജററിൽ നിശ്ചയിച്ചിട്ടുള്ളതിനെയാണ് ഞങ്ങളിവിടെ സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നില്ക്കുന്ന മുസ്ലിമീങ്ങൾക്കു, വിശിഷ്യ മുസ്ലിംപെൺകുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസസൌകൎയ്യങ്ങൾക്കു വഴികൾ ഏൎപ്പെടുത്തുന്നതു രാജ്യത്തിന്റെ പൊതുവായ അഭിവൃദ്ധിക്ക് കാരണമാകുന്നതായിരിക്കും എന്നു ഗവൎമ്മെണ്ടു കണ്ടറിഞ്ഞതിന്റെ ഫലമാണ് ഗവൎമ്മെണ്ടിന്റെ ഏതാദൃശസംരംഭങ്ങൾ എന്നു ഞങ്ങൾ പൂൎണ്ണമായും വിശ്വസിക്കുകയും ഗവൎമ്മെണ്ടി

ന്റെ ഏതാദൃശപദ്ധതികളെ സംബന്ധിച്ചു ഞങ്ങൾ ഉള്ളഴിഞ്ഞ അഭിനന്ദനം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

ഗ്രന്ഥനിരൂപണം:—

പ്രതിജ്ഞ—(ഗ്രന്ഥകർത്താ:—ശ്രീ. ഇ. വി. ഗോപാലൻ. പ്രസാധകന്മാർ:—പെരിഞ്ഞനം ബ്രാഞ്ച് എയിഡഡ് ടീച്ചേർസ് യൂനിയൻ, പെരിഞ്ഞനം. വില 10-ണ.)

ഒരു എയിഡഡ് ടീച്ചേർസ് യൂനിയനാൽ പ്രസിദ്ധീകൃതമാവുക, അതു തന്നെ ഒരു എയിഡഡ് ടീച്ചേർസ് യൂനിയന്റെ വാർഷികസമ്മേളനത്തിൽ അളി

The South India Corporation (Madras) Ltd.,

CALICUT H. O. Chettinad.

1. കമേർസിയൽ എമ്പോറിയം, മിഠായിത്തെരുവ്, കോഴിക്കോട്.
   ഇവിടെ കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കപ്പെടുന്ന എല്ലാവിധ ശീലത്തരങ്ങളും വില്ക്കപ്പെടുന്നു.

2. പ്രൊഡ്യൂസ് ഡിപ്പാർട്ട്മെൻറ്, വലിയങ്ങാടി, കോഴിക്കോട്.
   അരി, മണ്ണെണ്ണ മുതലായവ മൊത്തമായും, മററധാന്യങ്ങൾ, എണ്ണകൾ, ഈത്തപ്പഴം(കാരക്ക) മുതലായവ മൊത്തമായും ചില്ലറയായും ഇവിടെ കച്ചവടം നടത്തുന്നു.

3. ഹാഡ്‌വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ട്മെൻറ്, വലിയങ്ങാടി, കോഴിക്കോട്.
   ഇവിടെ സൈക്കിൾ, സ്പെയർപാർട്ടുകൾ, എലക്ട്രിക്ക് സാമഗ്രികൾ, ഇരുമ്പ്-പിച്ചള സാമാനങ്ങൾ മുതലായവ വില്ക്കപ്പെടുന്നു.

4. മലബാർ ടിമ്പർ സ്റ്റോർസ്, കല്ലായി.
   ഇവിടെ എല്ലാവിധ മരത്തരങ്ങളും ഉരുപ്പടിയായും പണിത്തരമായും കച്ചവടം നടത്തുന്നു.

N. B. റോബിൻസൺ റോഡിലുണ്ടായിരുന്ന ഹാഡ് വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറ് ഇപ്പോൾ വലിയങ്ങാടിയിലേക്കു സ്ഥലമാററം ചെയ്തിരിക്കുന്നു.

Distributors:- BLOOD VITA & ASCUE PAINTS.

നയിക്കുവാനെഴുതിയതാവുക, മററു ചില ടീച്ചേർസ് യൂനിയൻ വാർഷികങ്ങളിലും അഭിനയിച്ചതാവുക എന്നിരിക്കെ ടീച്ചർമാരുടെ കർമ്മനിഷ്ഠയേയും, അതേ അവസരത്തിൽ അവരനുഭവിക്കുന്ന കഷ്ടതകളേയും ചിത്രീകരിക്കുന്ന ഒരു പ്രഹസനമായിരിക്കും "പ്രതിജ്ഞ" എന്ന പ്രതീക്ഷയോടുകൂടിയാണ് ഞങ്ങളതു വായിക്കാനാരംഭിച്ചതു്. ഇതിൽ ഞങ്ങൾക്കു നിരാശയാണനുഭവം. കള്ളക്കമ്പോളം നാട്ടിൽ നടക്കുന്നതിനെ തടയുവാൻ രണ്ടു ടീച്ചേർസ്‌യൂനിയൻപ്രവർത്തകന്മാർ പരിശ്രമിക്കുന്നതും അതിൽ അവർക്കു കഷ്ടപ്പെടേണ്ടിവരുന്നതുമാണിതിലെ ഇതിവൃത്തം. പുസ്തകം വായിച്ചു തീരുന്നതോടുകൂടി കള്ളക്കമ്പോളങ്ങൾ തടയലും അതിന്നുവേണ്ടി പ്രക്ഷോഭങ്ങൾ കൂട്ടലും ഘോഷയാത്ര നയിക്കലും പ്രസംഗം ചെയ്യലും മററും ആണ് ടീച്ചർമാരുടെ കർത്തവ്യമെന്നു ഗ്രന്ഥകർത്താവിന്നുദ്ദേശമുള്ളതായി തോന്നിപ്പോകുന്നു. നാട്ടിൽ നടക്കുന്ന അനീതികളെ തടയുവാൻ മററുള്ളവർക്കെന്നപോലെ എയിഡഡ് സ്കൂൾ ടീച്ചർമാർക്കും ബാദ്ധ്യതയുണ്ട്. പക്ഷെ ഏതാദൃശ പരിശ്രമങ്ങളിൽ മാത്രമെ ടീച്ചർമാർ വ്യാപൃതരാകേണ്ടതുള്ളു എന്നു "പ്രതിജ്ഞ"യിൽ നിർല്ലീനമായ ഉപദേശം......................!

ഓറിയൻററൽ ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

ഇന്ത്യയിലെ മികച്ച ലൈഫ് അഷ്വറൻസ് കമ്പനികളിൽ പ്രഥമസ്ഥാനമലങ്കരിക്കുന്ന ഓറിയൻററൽ ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)യുടെ 1942 ഡിസമ്പർ 31-ാംനു- അവസാനിച്ച മൂന്നുവർഷത്തെ പ്രവർത്തനത്തിൻെറ ഒരു റിപ്പോർട്ടാണ് ഞങ്ങളുടെ മുന്നിലിരിക്കുന്നതു്. കമ്പനിയുടെ പ്രവർത്തനത്തെ പരിശോധിക്കുമ്പോൾ യുദ്ധംമൂലമുള്ള ഇന്നത്തെ അനിശ്ചിതാവസ്ഥയെ പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഉദാഹരണമായി, റിപ്പോർട്ടിലെ മൂന്നുവർഷക്കാലത്തു, അതിന്നുമുമ്പുള്ള മൂന്നുവർഷത്തെ അപേക്ഷിച്ചു പോളിസികൾ 39037 വും അഷ്വർചെയ്യപ്പെട്ട സംഖ്യ 23155446ക. യും കുറവാണെന്നും, പ്രീമിയം മൂലമുള്ള വരവ് 1942-ൽ കുറഞ്ഞിട്ടുണ്ടെന്നും കാണുന്നതു് മലയാ, ബർമ്മ മുതലായ രാജ്യങ്ങൾ ശത്രുക്കളുടെ അധീനത്തിൽപ്പെട്ടുപോവുകയാൽ പ്രസ്തുത രാജ്യങ്ങളിലെ പ്രവർത്തനങ്ങൾ നിന്നുപോയതുകൊണ്ടാണെന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. പക്ഷെ അതേ അവസരത്തിൽ ആകക്കൂടിയുള്ള പ്രവർത്തനങ്ങളുടെ തോതെടുത്തുനോക്കുമ്പോൾ കമ്പനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധി സംശയാതീതമാണെന്നുകാണാം. കമ്പനിയുടെ ഫണ്ടുകളിൽ ഭൂരിഭാഗവും ഇന്ത്യൻ ഗവർമ്മേണ്ടു സെക്യൂറിററികളിലും ബാക്കി മററു മേത്തരമായ സെക്യൂറിററികളിലും ആണ് നിക്ഷേപിച്ചിട്ടുള്ളതെന്നു കാണുമ്പോൾ കമ്പനിയുടെ സുരക്ഷിതാവസ്ഥയെപ്പററി ആശങ്കക്കവകാശമില്ല തന്നെ. ഈ കമ്പനിക്ക് ഞങ്ങൾ ഭാവിയിലും ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയാശംസിക്കുന്നു.

മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്ക്:—

ഈ ലക്കത്തോടുകൂടി "റവ്യൂ"വിന്നു 3 വയസ്സു പൂർത്തിയായി. വരുന്നലക്കം മുതൽ പുതിയ കൊല്ലം ആരംഭിക്കുന്നു. മാന്യ വരിക്കാർ ഇതുവരെ ചെയ്തതന്നിട്ടുള്ള സഹായസഹകരണങ്ങളെ "റവ്യൂ" കൃതജ്ഞതയോടെ സ്മരിക്കുകയും, കുടിശ്ശിക തീർത്തും പുതിയ കൊല്ലത്തേക്കു മുൻകൂർ വരിസംഖ്യ അടച്ചും "റവ്യൂ"വിനെ മുന്നോട്ടു പോകുവാൻ സഹായിക്കുന്നതിന്നു അപേക്ഷിക്കുകയും ചെയ്യുന്നു. ഈ മാസം 30-ാംനു-ക്കുള്ളിൽ കുടിശ്ശികയും മുൻകൂറും അയച്ചുതരാത്തവൎക്കു അടുത്തലക്കം വി. പി. അയക്കുന്നതാണെന്നുകൂടി അറിയിക്കുകയും, വി. പി. ഇരുകൂട്ടൎക്കും നഷ്ടത്തിന്നു കാരണമാക്കുന്നതാകയാൽ അതിന്നിടവരുത്തുകയില്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

പൌരശക്തി

പുതിയ ദിനപത്രം

അസോഷ്യേറ്റഡ് പ്രസ്സ്, റോയിട്ടേഴ്സ് എന്നിവരുടെ കമ്പിവാൎത്തകൾ, നിഷ്പക്ഷമായ നിരൂപണങ്ങൾ. ആകൃതിയും പ്രകൃതിയും ഒരുപോലെ ആകൎഷണീയം. ഒററപ്രതിയ്ക്കു ഒരണ. മാസത്തിൽ 1ക. 10ണ. മാത്രം

ആവശ്യമുണ്ടു്

ഡപ്ലോസിററ് കെട്ടിവെയ്ക്കുവാൻ ഒരുക്കമുള്ള ഏജൻറുമാരെയും, വിശ്വസ്തന്മാരായ റിപ്പോർട്ടർമാരെയും ആവശ്യമുണ്ടു്. ആകൎഷണീയമായ കമ്മീഷൻ.

പരസ്യക്കാൎക്കു ഏററവും ഉതകുന്നരംഗം.

കൂടുതൽ വിവരങ്ങൾക്കു:—മാനേജിംഗ് എഡിററർ, "പൌരശക്തി"

ബേങ്ക് റോഡ്, കോഴിക്കോട്.

അതാണ് ഇവർക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിററഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെടിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

സീതാറാം റെസ്റ്റ്ഹൌസ്

നിങ്ങൾ അടുത്ത തവണ പാലക്കാട്ടോ, കൊടുവായൂരോ വരുമ്പോൾ "സീതാറാം" റെസ്റ്റ്ഹൌസ് സന്ദർശിച്ചു നോക്കുക. യാത്രക്കാർക്കു താമസത്തിന്നുള്ള ഒരു അനുഗ്രഹമാണതെന്നു നിങ്ങൾക്കു അനുഭവപ്പെടും.

Prop:—K. S. RAMA IYER.

ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക് ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്ക് അന്വേഷിക്കുക:—

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.

മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിൻെറ ശബ്ദാർത്ഥസൗകുമാര്യം കളിയാടുന്ന പുതിയവിവർത്തനം. ഇതിൻെറ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. എ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിയും മർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യൻെറ വിശദമനോമുകുരത്തിൽ നിഴലെടുത്തുയന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിൻെറ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിന്നു പകരം 'മേഘച്ഛായ' എന്ന് ഇതിന്നു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോട് ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്ന് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി. വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

The Standard Furniture Co., Ltd.,

KALLAI, MALABAR.

Manufacturers of HOUSEHOLD and OFFICE FURNITURE

Branches:

MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.

നിങ്ങളുടെ ജീവിതരക്ഷകൾ ഞങ്ങളോടന്വേഷിക്കുക

കോച്ചിക്കാർ ബ്രദേർസ് ലിമിററഡ് (ഇന്ത്യൻ സ്റ്റേററുകളടങ്ങിയ ദക്ഷിണേന്ത്യയിലെ പ്രധാന ഏജൻറുമാർ)

ദി ബോംബെ ലൈഫ് അഷുറൻസ്

കമ്പനി ലിമിററഡ്,

പുതിയറ (കോഴിക്കോട്.)

മററ ആപ്പീസുകൾ :- മംഗലാപുരം, മട്ടപ്പി, തിരുവനന്തപുരം, സേലം, ബങ്കളൂർ, ബോംബെ.

വട്ടാമ്പൊയിൽ

വാത്തുക്കുട്ടി വൈദ്യരുടെ

പ്രസിദ്ധമായ

A. V. OIL

കേശപുഷ്ട്യത്തിന്ന അത്യുത്തമം.

K. V. KRISHNAN

THE ANGLO INDIAN PHARMACY, CALICUT.

CALENDAR

APRIL 1944 MAY

30	2	9	16	23	S		7	14	21	28
	3	10	17	24	M	1	8	15	22	29
	4	11	18	25	T	2	9	16	23	30
	5	12	19	26	W	3	10	17	24	31
	6	13	20	27	T	4	11	18	25	
	7	14	21	28	F	5	12	19	26	
1	8	15	22	29	S	6	13	20	27	

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാല്പത്തിരണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിൻെറ അഥവാ "ആര്യവൈദ്യ"ത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിൻെറ എത്രയും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ, വൈദ്യരത്നത്തിൻെറതന്നെ എത്രയും നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്ക് കൂടുതൽ സൌകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതി അറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽതന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ് ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

STEEL SAFES

AND

Strong Rooms Specialities



RENOWNED
QUALITY AND
WORKMANSHIP
TO ANY
SPECIFICATIONS.

PRICES MODERATE

THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.